KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JUNE 2023. ₹ 5.00
VOL. 7 - ISSUE NO. 12 - DATE OF PUBLICATION 25TH JUNE, 2023 - REGN. NO. KERBIL/2005/23143

# കേരളത്തിന്റെ സമഗ്ര വ്യവസായ വികസനത്തിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ



സ്വകാര്യ വ്യവസായ എസ്റ്റേറ്റും സർക്കാർ വാഗ്ദാനവും. 3
സർക്കാർ നല്കിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിലൂടെ കേരളത്തിന്റെ സമഗ്ര വ്യവസായ വികസനം സാദ്ധ്യമാവും. 5
വീണ്ടും നോട്ട് നിരോധനം: മുൻകാലങ്ങളിൽ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ആവർത്തിക്കാതിരിക്കാൻ മുൻക്കരുതലുകൾ വേണം. 7
നിങ്ങളുടെ ചോദ്യങ്ങൾക്ക് വിദഗ്ധർ ഉത്തരം നൽകുന്നു. 8



www.ksidc.org
KSIDC
KERALA
LAND OF EPIC
SUCCESS STORIES!
Being the premier industrial and investment promotional wing of the Government of Kerala, KSIDC, offers an array of end-to-end entrepreneurial services ranging from start-up promotion, infrastructure development, single-window clearance, financial structuring and consultancy services. KSIDC is the one-stop shop for all your business requirements and go-to agency for industrial development from ideation to inception to its operational life cycle.

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
**A. Nizarudeen**
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
**P.J. Jose**
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
**A. Fasiludeen**
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
**Abraham Kuriakose**
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
**A.V. Sunilnath**
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
**Joseph Paikada**
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
**V.K. Harilal** (South Zone)
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

**B. Jayakrishnan** (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

**George Mundakkal** (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
**S. Salim**
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
**K.P. Ramachandran Nair**
Mobile: 94470 17899

---

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION JUNE 2023 ₹ 5.00

## എഡിറ്റോറിയൽ

# സ്വകാര്യ വ്യവസായ എസ്റ്റേറ്റും സർക്കാർ വാഗ്ദാനവും



വ്യവസായ വികസനം ലക്ഷ്യമിട്ട് സർക്കാരുകൾ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങിയിരുന്നു. അത് വ്യവസായികൾക്ക് ഏറെ സൗകര്യപ്രദവും പ്രോത്സാഹനവും ആയിരുന്നു. വ്യവസായ വികസന സങ്കൽപത്തിൽ സ്വകാര്യ വ്യക്തികളുടെ പങ്കാളിത്തം ഒഴിച്ചുകൂടാൻ ആവാത്ത ഒരു ഘടകമായി മാറി. എല്ലാ മേഖലയിലേക്കും ഇത് വ്യാപിപ്പിക്കാൻ തുടങ്ങി വ്യവസായ മേഖലയിലും ഇത് ആവശ്യമാണെന്ന് ബോധ്യപ്പെട്ട സർക്കാരുകൾ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങാൻ പ്രോത്സാഹനം നടത്തി തുടങ്ങി.

നമ്മുടെ സംഘടനയുമായുള്ള നിരന്തരമായ ചർച്ചയിൽ വിസ്തൃതിയുടെ പരിധി പത്ത് ഏക്കറായി ചുരുക്കാം എന്ന ധാരണയുമായി. ഇതിന്റെ ഏറ്റവും വലിയ ആകർഷണീയത എസ്റ്റേറ്റ് വരെയുള്ള എല്ലാ ഇൻഫ്രാ സ്ട്രക്ചറുകളും സർക്കാർ തന്നെ നൽകും എന്ന് സർക്കാർ ആദ്യം മുതൽ പ്രഖ്യാപിച്ചതാണ്. അതായത് ജലം റോഡ് വൈദ്യുതി. എന്നാൽ സ്വകാര്യമേഖലയുടെ ഉത്തരവ് വന്നപ്പോൾ ജലം റോഡ് വൈദ്യുതി എന്നിവ നൽകുന്നതിൽ നിന്നും സർക്കാർ പിൻമാറിയതാണ് കാണുന്നത് .

ഇപ്പോൾ തന്നെ നിലവിലുള്ള വ്യവസായികൾക്ക് അധികം പവർ ആവശ്യമുണ്ടെങ്കിൽ അതിനു വേണ്ടുന്ന മുഴുവൻ തുകയും വ്യവസായി നൽകണം. വൈദ്യുതി ആവശ്യത്തിന് നൽകേണ്ടത് ബോർഡ് അല്ലേ? ആഹാരസാധനങ്ങൾ വീണ്ടും ആവശ്യപ്പെട്ടാൽ, പാകം ചെയ്യാനായി, വലിയ പാത്രം ആവശ്യപ്പെട്ടവർ വാങ്ങി കൊടുക്കണമെന്ന് ആവശ്യം പോലെയുള്ള ഒരു ഫലിതമാണിത്. മാത്രമല്ല പവർ കണക്ഷന് കാലതാമസവും നേരിടുന്നുണ്ട്.

ആയതിനാൽ ജലം റോഡ് വൈദ്യുതി എന്നിവ എസ്റ്റേറ്റിൽ എത്തിച്ചു തരികയും അന്നുമുതൽ ആയിരിക്കണം എസ്റ്റേറ്റുകൾ പൂർത്തീകരിക്കേണ്ട കാലാവധി നിശ്ചയിക്കേണ്ടത്. സർക്കാർ ഇവ നൽകിയില്ലെങ്കിൽ, സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റ് തുടങ്ങുക ബുദ്ധിമുട്ട് ആയിരിക്കും. അതുകൊണ്ടുതന്നെ സർക്കാരിന്റെ അനുഭാവ പൂർവ്വമായ സമീപനം പ്രതീക്ഷിക്കുന്നു.

### ഒരു അഭിനന്ദനം കൂടി സർക്കാരിന്

തിരഞ്ഞെടുക്കുന്ന ആയിരം യൂണിറ്റുകളുടെ ഉത്പാദനക്ഷമത കൂട്ടുന്നതിന് സബ്സിഡി നൽകാൻ തീരുമാനിച്ചതിനും, പദ്ധതി നടപ്പിലാക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിച്ച പ്രത്യേക സമിതിയിൽ കെ.എസ്.എസ്.ഐ.എ. ഉൾപ്പെടുത്തിയതിനും.

**എസ്. സലിം**
**ചീഫ് എഡിറ്റർ**



# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

# പ്രസിഡൻഷ്യൽ റിപ്പോർട്ട്



# സർക്കാർ നല്കിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിലൂടെ കേരളത്തിന്റെ സമഗ്ര വ്യവസായ വികസനം സാദ്ധ്യമാവും

കെ. എസ്.എസ്.ഐ.എ. യുടെ നിരന്തരമായ പരിശ്രമത്തിനൊടുവിൽ പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സമഗ്രമായ ഒരു പാക്കേജ് പ്രഖ്യാപിക്കുമെന്ന് സർക്കാർ ഉറപ്പ് നല്കിയിട്ടുണ്ട്. പ്രസ്തുത പാക്കേജ് കെ.എസ്.എസ്.ഐ.എ. സ്വാഗതം ചെയ്യുന്നതോടൊപ്പം ഇത്തരം വ്യവസായ യൂണിറ്റുകളുടെ പ്രവർത്തന മൂലധനത്തിനനുസരിച്ചായിരിക്കണം പാക്കേജ് തുക നിശ്ചയിക്കേണ്ടത്. സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളിൽ നല്ലൊരു ശതമാനം പീഡിത വ്യവസായങ്ങളായി തീർന്നിട്ടുണ്ട്. ഇത്തരം ഒരു പുനരുദ്ധാരണ പാക്കേജിലൂടെ സംസ്ഥാനത്തിലെ വ്യവസായിക വളർച്ച ഉന്നതിയിൽ എത്തുമെന്ന് നിസംശയം പറയാം.

കേരളത്തിൽ പുതുതായി തുടങ്ങുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലൂടെ കേരളത്തിന്റെ മുഖഛായതന്നെ മാറും. സ്വകാര്യവ്യവസായ പാർക്കുകളുടെ പ്രവർത്തനത്തോടുകൂടി കേരളം പൂർണ്ണമായും ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറും. എന്നാൽ 2016 മുതൽ ഇത്തരം വ്യവസായ പാർക്കുകൾക്കു വേണ്ടി ആരംഭിച്ച ഉത്തരവുകളെല്ലാം കാലാകാലങ്ങളായി മാറ്റം സംഭവിച്ച് 2022 ൽ 10 ഏക്കർ ഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്ക് തുടങ്ങാമെന്ന് എത്തി നിൽക്കുന്നു. ഡെവലപ്പർക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ഏക്കറിന് 30 ലക്ഷം രൂപ വെച്ച് പരമാവധി 3 കോടി രൂപ വരെ ഗ്രാന്റായി നല്കുമെന്ന് സർക്കാർ പറഞ്ഞിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റ് വരെയുള്ള റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വ്യവസായ വകുപ്പോ/ സർക്കാരോ നടത്തുമെന്നുള്ള ഉറപ്പ് പാലിക്കപ്പെടേണ്ട ഒന്നാണ്. ഒരു കിലോമീറ്റർ ഡെഡിക്കേറ്റർ ഫീഡർ സ്ഥാപിക്കുന്നതിന് ഡെവലപ്പർക്ക് 72 ലക്ഷം രൂപ വരെ ചെലവ് വരുന്നതാണ്. സർക്കാർ, എസ്റ്റേറ്റ് വരെ റോഡ്, വൈദ്യുതി വെള്ളം എന്നീ സൗകര്യങ്ങൾ നല്കുന്നതിലൂടെ ഒരു പരിധി വരെ ഡെവലപ്പർക്കുള്ള ഇത്തരം നഷ്ടങ്ങൾ നികത്താനാകും. വ്യവസായ എസ്റ്റേറ്റിന് ഭൂമി വാങ്ങുന്ന ഡവലപ്പർക്കും, സംരംഭം തുടങ്ങുന്ന വ്യവസായിക്കും രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി നല്കുമെന്ന വ്യവസ്ഥ ഉത്തരവായി തന്നെ പുറത്തിറക്കണം. ഡവലപ്പർക്ക് ഭൂമി അലോട്ട് ചെയ്യുന്നതോടൊപ്പം മൈനിങ്ങ് ആന്റ് ജിയോളജി, ഗ്രാണ്ട് വാട്ടർ അതോറിറ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ഫയർ ആന്റ് സേഫ്റ്റി തുടങ്ങിയ എല്ലാ സ്ഥാപനങ്ങളുടെയും മുൻക്കൂർ അനുമതി വാങ്ങുകയും നിയമപരമായോ മറ്റു തടസ്സങ്ങളോ ഉണ്ടാവില്ലെന്ന് കൂടി ഉറപ്പാക്കേണ്ടതാണ്. പെർമിറ്റ് ലഭിച്ച ഡവലപ്പർ ചട്ടങ്ങൾക്ക് വിരുദ്ധമായോ ചട്ടങ്ങൾ പാലിക്കാതെയോ വരുന്ന ഘട്ടത്തിൽ പെർമിറ്റ് റദ്ദാക്കാനുള്ള അധികാരം വ്യവസായ വകുപ്പിന് നല്കുന്നുണ്ട്. കൂടുതൽ അന്വേഷണത്തിനും തെളിവെടുപ്പിനും ശേഷം അന്തിമ ഘട്ടത്തിൽ പെർമിറ്റ് റദ്ദാക്കുകയാണെങ്കിൽ ഡവലപ്പർ അതുവരെ മുടക്കിയ തുക തിരിച്ചു നല്കുമെന്ന് വ്യവസ്ഥ ഉണ്ടാകണം.

സ്വകാര്യ വ്യവസായ പാർക്കെന്ന ആശയം ഉരുതിരിഞ്ഞ് വന്നപ്പോൾ തന്നെ സർക്കാർ വ്യവസായികൾക്കും അസോസിയേഷനും നല്കിയ വാഗ്ദാനങ്ങളെല്ലാം പറഞ്ഞിരിക്കുന്നപോലെ തന്നെ പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നിലവിൽ 11 സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് പെർമിറ്റ് നല്കിയിരിക്കുന്നത്. കെ.എസ്.എസ്.ഐ.എ. യുടെ കീഴിലുള്ള പാലക്കാട്, പത്തനംതിട്ട തുങ്ങിയ പാർക്കുകളുടെയെല്ലാം പണികളെല്ലാം അതിവേഗം പുരോഗമിക്കുകയാണ്. കോടികൾ മുടക്കി സർക്കാരിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് പാർക്കുകളുടെ പണികൾ പുരോഗമിക്കുമ്പോൾ സർക്കാർ എന്നും ഇവരോടൊപ്പം നില്ക്കേണ്ടതാണ്. സർക്കാർ നല്കിയ വാഗ്ദാനങ്ങളെല്ലാം പാലിച്ച് മുന്നോട്ട് പോകുമ്പോൾ ഇനിയും ധാരാളം വ്യവസായ പാർക്കുകൾ, പ്രത്യേകിച്ച് അസോസിയേഷന്റെ കീഴിൽ തന്നെ ഉണ്ടാവുമെന്ന കാര്യത്തിൽ തർക്കമില്ല.

കാലാകാലങ്ങളായി ചർച്ച ചെയ്തും നിവേദനങ്ങളിലൂടെയും പലപ്പോഴായി സംഘടന ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുന്ന ലാന്റ് അലോട്ട്മെന്റ് ആന്റ് എക്സിറ്റ് പോളിസി ഉത്തരവ് ജൂൺ മാസം 30 ന് മുമ്പായി തന്നെ പുറത്തിറങ്ങേണ്ടത് സർക്കാരിന്റെ കൂടി ഒരാവശ്യകതയാണ്. നല്കിയ വാഗ്ദാനങ്ങളെല്ലാം അണുവിട വ്യതിയാനമില്ലാതെ പാലിക്കാൻ സർക്കാർ തയ്യാറാകുന്ന പക്ഷം കേരളത്തിന്റെ സമഗ്ര വ്യവസായ വികസനം സാദ്ധ്യമാവുന്നതാണ്. വ്യവസായികൾക്കു വേണ്ടിയുള്ള സർക്കാരിന്റെ എല്ലാ നടപടികൾക്കും കെ.എസ്.എസ്.ഐ.എ. ഒപ്പമുണ്ടാകുമെന്ന് ഉറപ്പ് നല്കുന്നു.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

# എം.എസ്.എം.ഇ. കളുടെ ഉല്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സഹായ പദ്ധതി ആരംഭിച്ചു

എം.എസ്.എം.ഇ. കളുടെ ഉല്പന്നങ്ങൾ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും, നിലവിലുള്ള സംരംഭങ്ങളെ കയറ്റുമതി മേഖലയിലേക്ക് കൊണ്ടു വരുന്നതിനും പ്രോത്സാഹനം നല്കുന്നതിനുള്ള പദ്ധതിയാണിത്.

- അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന എം.എസ്.എം.ഇ. കൾക്ക് രജിസ്ട്രേഷൻ ചാർജ്ജ് ഉൾപ്പടെയുള്ള ചെലവുകൾക്ക് 75 ശതമാനമോ പരമാവധി 2 ലക്ഷം രൂപയോ ലഭിക്കും.
- ട്രേയ്ഡ് സാമ്പിളുകൾ അയക്കുന്നതിനുള്ള വിമാനചരക്ക് /കൊറിയർ നിരക്കുകൾക്ക് 5 ലക്ഷം രൂപ വരെ സഹായം അനുവദിക്കും.
- കയറ്റുമതി ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യ വികസനം അല്ലെങ്കിൽ നവീകരണത്തിനും വരുന്ന ചെലവിന്റെ 40 ശതമാനമോ പരമാവധി 60 ലക്ഷമോ അനുവദിക്കും. യുവ/എസ്.സി/എസ്.ടി/വനിത/എൻ.ആർ.കെ. എന്നിവയ്ക്ക് 10 ശതമാനം അധിക സഹായം ലഭിക്കും.
- ഗുണ നിലവാരവും ഭക്ഷ്യസുരക്ഷ മാനേജ്മെന്റും നടപ്പിലാക്കലും സർട്ടിഫിക്കേഷനും വേണ്ടി വരുന്ന ചെലവിന്റെ 50 ശതമാനമോ പരമാവധി 25 ലക്ഷമോ ലഭിക്കും.
- കയറ്റുമതി സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ട്രെയിനിങ്ങ്, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, മറ്റു പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ചെലവാകുന്ന തുകയുടെ 10 ശതമാനം വരെ സഹായം ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളെയോ, വ്യവസായ ഡയറക്ടറേറ്റിലോ സമീപിക്കുക.



KSSiA NEWS

## KSSIA NEWS

(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

## നമ്മുടെ വ്യവസായം



കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം
ചീഫ് എഡിറ്റർ

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി






# വീണ്ടും നോട്ട് നിരോധനം:

## മുൻകാലങ്ങളിൽ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ആവർത്തിക്കാതിരിക്കാൻ മുൻക്കരുതലുകൾ വേണം

2016 ലാണ് കേന്ദ്ര സർക്കാർ 500 ന്റെയും 1000 ന്റെയും നോട്ടുകൾ നിരോധിച്ചത്. കള്ളപണം, വ്യാജ നോട്ടുകൾ അഴിമതി, തുടങ്ങിയ പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്താനാണ് നോട്ട് നിരോധനം കൊണ്ട് ഉദ്ദേശിച്ചതെന്നായിരുന്നു സർക്കാരിന്റെ അവകാശവാദം. മാത്രമല്ല ഡിജിറ്റൽ സമ്പത്ത് ഘടന പ്രോത്സാഹിപ്പിക്കാനുള്ള ധീരമായ ഒരു നടപടി കൂടിയായിരുന്നു ഈ നിരോധനമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ സർക്കാരിന്റെ ലക്ഷ്യം സാധൂകരിക്കുന്നതിന്റെ ഫലം ഉണ്ടായില്ലെന്ന് മാത്രമല്ല വിപരീത ഫലങ്ങളാണ് അനുഭവത്തിൽ നിന്നും ഇന്ത്യൻ ജനത നേരിട്ടത്. നിരോധിച്ച നോട്ടുകളുടെ തിരിച്ചു വരവും 50 ശതമാനത്തിൽ താഴെയായിരിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ 99 ശതമാനത്തിലധികം നോട്ടുകളും നിയമാനുസൃതമായി തിരിച്ചു വന്നു.

നോട്ട് നിരോധനം മൂലം ക്രയവിക്രയങ്ങൾ നിശ്ചലമാകുകയും സമ്പത്ത് വ്യവസ്ഥ മന്ദീഭവിക്കുകയാണുണ്ടായത്. നോട്ട് നിരോധനം മൂലം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ നേരിട്ടത് എം.എസ്.എം.ഇ. മേഖലയും കച്ചവട സ്ഥാപനങ്ങളുമായിരുന്നു. ഈ മേഖലകളിലെ തൊഴിലാളികൾക്ക് വേതനം നല്കൽ ദൈനംദിന ചെലവുകൾ തുടങ്ങിയവ നടത്തിയിരുന്നത് നേരിട്ട് കറൻസി മുഖാന്തിരമായിരുന്നു. കറൻസിയുടെ അഭാവം ഈ മേഖലയുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയും സാമ്പത്തികമായി തകരുകയും ചെയ്യുന്ന സ്ഥിതി വിശേഷമുണ്ടായി. കേരളത്തിലെ എം.എസ്.എം.ഇ. കൾ ഈ വിഷമഘട്ടം തരണം ചെയ്ത് വരുമ്പോഴാണ് വേണ്ടത്ര പഠനമോ മുൻകരുതലോ ഇല്ലാത്ത ജി.എസ്.ടി. നടപ്പാക്കൽ, രണ്ടു വർഷം തുടർച്ചയായുണ്ടായ വെള്ളപ്പൊക്കവും, പേമാരിയും തുടർന്ന് കോവിഡ് മഹാരോഗവും ബാധിച്ചതുമൂലം എല്ലാ മേഖലകളും സ്തംഭിക്കുകയാണുണ്ടായത്. ഈ ബുദ്ധിമുട്ടുകളിൽ നിന്നും സാവധാനം മെച്ചപ്പെട്ടു വരുമ്പോഴാണ് 2,000 രൂപയുടെ നോട്ട് നിരോധന പ്രഖ്യാപനം വരുന്നത്. 2023 സെപ്റ്റംബർ വരെ ഈ നോട്ടുകൾ ഉപയോഗിക്കാനും ചെലവാക്കാനും സമയം അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക വിദഗ്ദ്ധരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ശക്തമായ വിമർശനങ്ങളെ തുടർന്ന് സെപ്റ്റംബറിന് ശേഷവും നോട്ടുകൾ മാറ്റാനുള്ള സൗകര്യം ഉണ്ടാകുമെന്ന് റിസർവ്വ് ബാങ്ക് വ്യക്തമാക്കിയത് ആശ്വാസം നല്കുന്ന ഒരു നടപടിയാണ്.

2016 ൽ നടപ്പാക്കിയ നോട്ട് നിരോധനം മൂലം രാജ്യത്തും ജനങ്ങൾക്കും, വ്യവസായ, കൃഷി, കച്ചവടമേഖലകളിലും ഉണ്ടായ സാമ്പത്തിക അരക്ഷിതാവസ്ഥയുടെ അനുഭവം 2000 രൂപയുടെ നോട്ട് നിരോധനം മൂലം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ കേന്ദ്ര സർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും ഭാഗത്ത് നിന്നുണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

GOODS AND SERVICES TAX

# ചോദ്യോത്തര പംക്തി

## ചോദ്യം: എന്റെ ജി. എസ്. റ്റി. നമ്പർ ഉപയോഗിച്ച് മറ്റൊരാൾ സാധനങ്ങൾ വാങ്ങിയാൽ ഞാൻ എന്താണ് ചെയ്യേണ്ടത്?

**- അജിത, തിരുവനന്തപുരം**

## ഉത്തരം:

ബിസിനസുകൾ നടത്തുന്ന വ്യക്തികൾ കടകളിൽ ചെന്ന് സാധനങ്ങൾ വാങ്ങുമ്പോൾ ഇൻവോയ്സ് തയ്യാറാക്കാൻ നേരം കടകളിലെ കാഷ്യർമാർ മിക്കപ്പോഴും ചോദിക്കും– ജി. എസ്.റ്റി. രജിസ്ട്രേഷനുണ്ടോ? ഇൻവോയ്സിൽ ജി.എസ്.റ്റി. നമ്പർ ഇടട്ടെ? തനിക്ക് ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉണ്ടല്ലോ, ജി.എസ്.റ്റി. നമ്പർ കൊടുത്താൽ വാങ്ങുന്ന സാധനത്തിനു മേൽ ജി.എസ്.റ്റി. ഇനത്തിൽ അടയ്ക്കുന്ന തുക പിന്നീട് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആയി എടുക്കാമല്ലോ, എന്നെല്ലാം ചിന്തിച്ച് മിക്ക വ്യക്തികളും അപ്പോൾതന്നെ തന്റെ ജി.എസ്.റ്റി നമ്പർ കൊടുക്കും. കടയിലെ കാഷ്യർ വാങ്ങുന്നയാളുടെ ജി.എസ്.റ്റി. നമ്പർ രേഖപ്പെടുത്തിയ ഇൻവോയ്സ് തയ്യാറാക്കി നൽകുകയും ചെയ്യും. കടയുടമ അയാളുടെ ഡി.എസ്.റ്റി.ആർ–1 ൽ ഈ ഇടപാട് രേഖപ്പെടുത്തും. അങ്ങനെ അത് സാധനം വാങ്ങിയ ജി.എസ്.റ്റി രജിസ്റ്റേഡ് വ്യക്തിയുടെ ജി.എസ്.റ്റി.ആർ–2 എ–യിലും, ജി.എസ്.റ്റി.ആർ.–2 ബി യിലും പ്രതിഫലിക്കുകയും ആ ഇടപാടിനു മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആ ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തിയ്ക്ക് ലഭിക്കുകയും ചെയ്യുന്നു. ഇത്രയും കാര്യങ്ങൾ സ്മൂത്ത് ആയി നടക്കുന്നു.

ഇതുപോലെ കാര്യങ്ങൾ ചെയ്തു പോന്നിരുന്ന സത്യസന്ധനും നിഷ്കളങ്കനുമായ ഒരു ജി.എസ്.റ്റി. രജിസ്റ്റേഡ് കടയുടമയുടെ കഥയാണ് ഇനി പറയാൻ പോകുന്നത്. കുറച്ചു നാളുകൾക്കു ശേഷം ഈ വ്യക്തിയുടെ കണക്കുകൾ പരിശോധിക്കുന്ന ഒരു ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിലെ ഓഡിറ്റ് വിഭാഗം ഉദ്യോഗസ്ഥൻ പലതും കണ്ട് അതിശയപ്പെടുന്നു. സാനിറ്ററി വെയർ വാങ്ങി വിൽക്കുന്ന ഒരു സ്ഥാപനമാണ് ഇദ്ദേഹം നടത്തുന്നത്. പക്ഷേ അദ്ദേഹം ഇൻവാർഡ് സപ്ലൈ ആയി രേഖപ്പെടുത്തി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിരിക്കുന്ന കാര്യങ്ങൾ–കാർ ഒരെണ്ണം, ഹോം തിയേറ്റർ സ്ക്രീനും സാമഗ്രികളും വാങ്ങിയത്, കുട്ടികളുടെ സൈക്കിൾ 2 എണ്ണം, കളിപ്പാട്ടങ്ങൾ, പല ടെക്സ്റ്റൈൽ ഷോപ്പുകളിൽ നിന്നായി നിരവധി സാരികളും ചുരിദാറുകളും, ഷർട്ടുകളും കുട്ടികളുടെ വസ്ത്രങ്ങളും വർഷത്തിൽ പലപ്പോഴായി– ഇങ്ങനെ നീളുന്നു ലിസ്റ്റ്.

വാഷ്ബേസിനും ക്ലോസറ്റും ടാപ്പുകളും മറ്റും വിൽക്കുന്ന ബിസിനസ് നടത്തുന്നയാൾ ഇൻവാർഡ് സപ്ലൈകളായി കാണിച്ച് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിരിക്കുന്ന സാധനങ്ങളുടെ വൈവിധ്യം കണ്ട് കണ്ണുതള്ളിയ ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ കടയിൽ ചെന്ന് ഒരു അനൗപചാരിക സൗഹൃദാന്വേഷണം നടത്തുന്നു. മൂപ്പർ ഇനി വണ്ടിയുടെയോ ഇലക്ട്രോണിക് ഉപകരണങ്ങളുടെയോ കുട്ടികളുടെ സൈക്കിളിന്റെയോ കളിപ്പാട്ടത്തിന്റെയോ വസ്ത്രങ്ങളുടെയോ വല്ലതും ബിസിനസും കൂടി നടത്തുന്നുണ്ടോ എന്ന് അറിയണമല്ലോ. കടയിൽ ചെന്ന് നോക്കുന്ന ഉദ്യോഗസ്ഥന് കടയിൽ സാനിറ്ററി വെയർ മാത്രമേ കാണാൻ സാധിച്ചുള്ളു. തൊഴിലാളികൾക്കും മുതലാളിയ്ക്ക് സാനിറ്ററി വെയറിന്റെ ബിസിനസ് അല്ലാതെ മറ്റു ബിസിനസൊന്നും ഉള്ളതായി അറിയില്ല. പക്ഷേ കഴിഞ്ഞ വർഷത്തിൽ മുതലാളിയുടെ വീട് നവീകരിച്ചിരുന്നു എന്നും ഹോം തിയേറ്റർ ഉൾപ്പടെ വലിയ സൗകര്യങ്ങളൊക്കെ ഇപ്പോൾ വീട്ടിലുണ്ട് എന്നും, കഴിഞ്ഞ വർഷത്തിൽ മുതലാളിയുടെ അമേരിക്കയിലുള്ള മകൾ വന്നപ്പോൾ അവരുടെ കുട്ടികൾക്ക് സൈക്കിളും വേറെ എന്തൊക്കെയോ കളിപ്പാട്ടങ്ങളും ഉടുപ്പുകളും മുതലാളി വാങ്ങിക്കൊടുത്തിരുന്നു എന്നും താനാണ് അത് കടയിൽ നിന്നും മുതലാളിയുടെ വീട്ടിൽ എത്തിച്ചുകൊടുത്തത് എന്നും, കഴിഞ്ഞ വർഷം മുതലാളിയുടെ

വീട്ടിൽ എത്തിച്ചു കൊടുത്തത് എന്നും, കഴിഞ്ഞ വർഷം മുതലാളിയുടെ കുടുംബത്തിൽ കുറേ കല്യാണങ്ങളൊക്കെ നടന്നിരുന്നു എന്നും, പുതുതായി ഡ്രൈവിങ്ങ് പഠിച്ച ഭാര്യയ്ക്ക് വിവാഹവാർഷികത്തിന് മുതലാളി ഒരു പുതിയ കാർ വാങ്ങിക്കൊടുത്തിരുന്നു എന്നും എല്ലാം നിഷ്കളങ്കരായ പല തൊഴിലാളികളിൽ നിന്നും ജി.എസ്.റ്റി. ഉദ്യോഗസ്ഥൻ മനസ്സിലാക്കി. മുതലാളി നല്ല മനസ്സുള്ളയാൾ ആണെന്നും തങ്ങളെ ഒക്കെ വലിയ കാര്യമാണെന്നും ജി.എസ്.റ്റി. ഒക്കെ കറക്റ്റ് ആയി അടയ്ക്കുന്ന നിയമം പാലിക്കുന്ന ദൈവഭയ മൊക്കെയുള്ള മനുഷ്യനാണെന്നും തൊഴിലാളികൾ കൂട്ടിച്ചേർത്തു. പക്ഷേ ഉദ്യോഗസ്ഥന് ആവശ്യമുള്ള വിവരങ്ങൾ അവർ ആദ്യം പറഞ്ഞ കാര്യങ്ങളിൽ നിന്നു തന്നെ ഉദ്യോഗസ്ഥന് കിട്ടിയിരുന്നു.

മുതലാളിയുടെ മുൻവർഷ കണക്കുകൾ കൂടി വിശദമായി പരിശോധിച്ച ശേഷം അർഹമല്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തതിന്റെ പേരിൽ ആ വർഷത്തെയും മുൻവർഷങ്ങളിലെയും തുകകൾ ചേർത്ത് ഭീമമായ ഒരു തുക സർക്കാരിലേക്ക് അടയ്ക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് മുതലാളിയ്ക്ക് ഒരു നോട്ടീസ്, ആ ഉദ്യോഗസ്ഥൻ അയച്ചു. നോട്ടീസിലെ അക്കങ്ങളുടെ എണ്ണം കണ്ട് ആ സാധു മുതലാളി ബോധം കെട്ടു പോയി.

ആശുപത്രിക്കിടക്കയിൽ വെച്ച് സുഹൃത്തുക്കൾ പരിചയപ്പെടുത്തിക്കൊടുത്ത ഒരു നികുതി വിദഗ്ദ്ധനെ ക്കൊണ്ട് തന്റെ കണക്കുകളും നോട്ടീസും പരിശോധിച്ചപ്പോൾ ആ വിദഗ്ദ്ധൻ പറഞ്ഞിട്ടാണ് പാവം മുതലാളി മനസ്സിലാക്കുന്നത്. ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ള ആളുകൾക്ക് അവർ നടത്തുന്ന എല്ലാ ഇൻവാർഡ് സപ്ലൈകളിന്മേലും എടുക്കാൻ പറ്റുന്ന ഒന്നല്ല ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്ന്.

ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തികൾക്ക് മാത്രം എടുക്കാവുന്ന ഒന്നാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നത് അവർക്കും അറിയാവുന്ന കാര്യമാണല്ലോ. ഒരു ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തി സർക്കാരിലേക്ക് അടയ്ക്കേണ്ടതായ ജി.എസ്.റ്റി. തുക കണക്കു കൂട്ടുമ്പോൾ, ആ ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തി സ്വീകരിക്കുന്ന ഗുഡ്സ്/സർവ്വീസ് ഇൻവാർഡ് സപ്ലൈ യുടെ പേരിൽ അയാൾ അയാളുടെ സപ്ലയർക്ക് ജി.എസ്.റ്റി. ഇനത്തിൽ നൽകിയ തുക, കുറയ്ക്കാം എന്ന് ജി.എസ്.റ്റി നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം ഇൻപുട്ട് ടാക്സ് ആയി അടച്ച തുകയുടെ ക്രെഡിറ്റ് എടുക്കാൻ ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തികളെ സഹായി ക്കുന്ന സംവിധാനം ആയതിനാൽ ഈ സംവിധാനത്തെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്ന് വിളിക്കുന്നു.



**എന്നാൽ, ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തികൾ സ്വീകരിക്കുന്ന എല്ലാ ഗുഡ്സ്/സർവ്വീസ് ഇൻവാർഡ് സപ്ലൈകളുടെ പേരിലും അവർ അടച്ച ഇൻപുട്ട് ടാക്സിന്റെ ക്രെഡിറ്റ് എടുക്കാൻ ജി.എസ്.റ്റി. നിയമം അവരെ അനുവദിക്കുന്നുണ്ടോ?**

**ഇല്ല എന്നതാണ് ഉത്തരം**



തന്റെ ബിസിനസിന്റെ ഗതിയിലോ ബിസിനസ് മുന്നോട്ടു കൊണ്ടു പോകുന്നതിന്റെ ഭാഗമായോ ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ, താൻ സ്വീകരിക്കുന്ന ഗുഡ്സ്/സർവ്വീസ് ഇൻവാർഡ് സപ്ലൈയുടെ പേരിൽ താൻ അടച്ച ഇൻപുട്ട് ടാക്സ് തുകയുടെ ക്രെഡിറ്റ് എടുക്കാനാണ് ഒരു ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തിയ്ക്ക് അവകാശമുള്ളത് (സി.ജി.എസ്.റ്റി/എസ്.ജി.എസ്.റ്റി ആക്റ്റിന്റെ സെക്ഷൻ 16 (1) കാണുക).

ബിസിനസിന്റെ ഗതിയിലോ ബിസിനസ് മുന്നോട്ടു കൊണ്ടു പോകുന്നതിന്റെ ഭാഗമായോ ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെടുന്ന ഇൻവാർഡ് സപ്ലൈകൾക്ക് മാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിട്ടുള്ളു എന്ന് സാരം. (വ്യക്തിപരമായ ആവശ്യങ്ങൾക്ക് എടുക്കുന്ന ഈൻവോയ്സുകളിൽ ജി.എസ്.റ്റി. നമ്പർ കൊടുക്കുന്നതിന് പ്രത്യക്ഷത്തിൽ തെറ്റില്ല. പക്ഷേ റിട്ടേൺ സമർപ്പിക്കുമ്പോൾ ആ ഇൻവോയ്സുകളിലെ ജി.എസ്.റ്റി. തുക ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി എടുക്കരുതെന്ന് സ്റ്റാഫിനോട് നിർദ്ദേശം നല്കണം. നിരവധി ഇൻവോയ്സുകൾ ഇപ്രകാരം വന്നാൽ ഇത് ശ്രദ്ധിക്കുക ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ വ്യക്തിപരമായ ആവശ്യങ്ങൾക്ക് എടുക്കുന്ന ഈ ഇൻവോയ്സ് ബിസിനസിന്റെ ജി.എസ്.റ്റി. നമ്പർ കൊടുക്കാതിരി ക്കുന്നത് തന്നെയാണ് ബുദ്ധി).

മുതലാളിയുടെ കുടുംബത്തിലെ ആവശ്യങ്ങൾക്കായി നടത്തിയ ഒരു പർച്ചേസിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ മുതലാളിയ്ക്ക് അവകാശം ഉണ്ടായിരുന്നില്ല. അർഹതയില്ലാതെ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പലിശയും പിഴയും ചേർത്ത് തിരിച്ചടയ്ക്കാൻ ആണ് നോട്ടീസ് വന്നിരിക്കുന്നത്. തന്റെ ടാക്സ് കൺസൾട്ടന്റിനോടോ പ്രാക്റ്റീഷണറോടോ ചാർട്ടേഡ് അക്കൗണ്ടന്റിനോടോ വക്കീലിനോടോ ഒരു വാക്ക് പോലും ചോദിക്കാതെ, നടത്തുന്ന എല്ലാ വലിയ പർച്ചേസുകൾക്കും ജി.എസ്.റ്റി. നമ്പർ എടുത്തു കൊടുത്തുകൊണ്ടിരിക്കുന്ന തന്റെ വിഡ്ഢിത്തത്തെ മുതലാളി നിസ്സഹായതയോടെ ഓർത്തു...



**അഡ്വ. കെ. എസ്. ഹരിഹരൻ**
**ജി. എസ്. റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
**9846227555, 7902443188, 7907000401**

# ഇൻഷുറൻസ് പ്രൊഫഷണലുകളുടെ സഹായം ആവശ്യമുണ്ടോ?





വിശ്വനാഥൻ ഒടാട്ട്

ഇന്ത്യൻ ഇൻഷുറൻസ് വിപണിയുടെ36ശതമാനം ബിസിനസ് കയ്യാളുന്നത് 562 ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനികൾ മുഖേനെയാണ്. അതായത് 2,56,920 കോടി രൂപയുടെ പ്രീമിയം വിഹിതത്തിൽ 92,491 കോടിരൂപയുടെ ബിസിനസ് ബ്രോക്കിംങ് കമ്പനികൾ മുഖേനെയാണ് ചെയ്യുന്നത്. ഇന്ത്യയിൽ ഇന്ന് ഏറ്റവും വളർന്നുകൊണ്ടിരിക്കുന്ന ജനറൽ ഇൻഷൂറൻസ് മേഖലയിൽ ബ്രോക്കിംങ് കമ്പനികളുടെ പങ്ക് നിർണ്ണാകമായി കഴിഞ്ഞു.

ഉപഭോക്താക്കളായ പോളിസി ഉടമകളെ പ്രതിനിധാനം ചെയ്യുന്നവരാണ് ബ്രോക്കർമാർ ഇന്ത്യയിലെ പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും ഏത് ഇൻഷുറൻസ് പോളിസിയും ഇക്കൂട്ടർക്ക് വിപണനം ചെയ്യാൻ അധികാരമുണ്ട്. ഇതിന് പുറമെ ഉപഭോക്താവിന്റെ റിസ്കുകളെ പഠിച്ചശേഷം അനുയോജ്യമായ പോളിസികൾ ചിട്ടപ്പെടുത്തി എടുക്കാനും ഇക്കൂട്ടർക്ക് കഴിയും. വിവിധ ഇൻഷുറൻസ് കമ്പനികളുടെ പോളിസികൾ താരതമ്യം ചെയ്യാനും ഏറ്റവും മികച്ച സംരക്ഷണം, ഏറ്റവും കുറഞ്ഞ പ്രീമിയം, ഏറ്റവും മികച്ച ക്ലെയിം അനുബന്ധ സേവനം എന്നിവ തിരഞ്ഞെടുക്കാൻ സഹായിക്കുന്നവരാണ് ബ്രോക്കർമാർ. നിലവിലുള്ള പോളിസികളിലെ അപാകതകൾ കണ്ടെത്താനും, റിസ്ക് മാനേജ്മെന്റ് ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് അത് നൽകാനും കഴിയും. റിസ്കുകളെ ആസ്പദമാക്കിയാണല്ലോ ഇൻഷുറൻസ് കമ്പനികൾ പ്രീമിയം നിശ്ചയിക്കുന്നത്. ഇവിടെ റിസ്കുകൾ കുറച്ച് കൊണ്ടുവരുമ്പോൾ പ്രീമിയം സ്വാഭാവികമായി കുറയും, മാത്രമല്ല വിവിധ ഇൻഷൂറൻസ് കമ്പനികളുമായി വിലപേശൽ നടത്തുമ്പോൾ വിപണിയിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് ഉപഭോക്താവിന് ലഭ്യമാവുന്നു. പോളിസികളിൽ ക്ലെയിം ഉണ്ടായാൽ അതിൽ ഇടപെട്ട് തീർപ്പാക്കാൻ സഹായിക്കുന്നു. ഇതിന് പുറമെ 10 കോടിരൂപ വരെയുള്ള ക്ലെയിമുകൾ തീർപ്പാക്കാൻ ഉപഭോക്താവിന് ക്ലെയിം കൺസൾട്ടൻസി നൽകാൻ ഐ.ആർ.ഡി.എ. ബ്രോക്കർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. അതുകൊണ്ട് അർഹമായ ക്ലെയിമുകൾ ലഭിക്കാത്തവർക്ക് ക്ലെയിം കൺസൾട്ടൻസി നൽകുന്ന ബ്രോക്കിങ്ങ് കമ്പനികളെ സമീപിക്കാവുന്നതാണ്.

ഉപഭോക്താവിന് തെറ്റായ ഉപദേശങ്ങൾ നൽകുകയും, തന്മൂലം സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്താൽ ബ്രോക്കിംങ് സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകണം. അതുകൊണ്ട് പ്രൊഫഷണൽ ഇൻഡംനിറ്റി പോളിസി നിർബന്ധമായും എടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇൻഷുറൻസ് തികച്ചും ടെക്നിക്കൽ ആയ വിഷയമായതിനാൽ ഒന്നുകിൽ ഇൻഷുറൻസ് നന്നായി പഠിച്ചെടുത്ത് വാങ്ങണം, അതല്ലെങ്കിൽ ഇൻഷുറൻസ് വിദഗ്ദരുടെ സേവനം തേടുകയാണ് നല്ലത്.

കോർപ്പറേറ്റ് സ്ഥാപനങ്ങൾ, പ്രത്യേകിച്ചും ഒരുബ്രോക്കിംങ് കമ്പനിയെ നിയമിക്കുമ്പോൾ ലെറ്റർഓഫ് മാൻഡേറ്റ് നൽകിയിരിക്കാണം. അതായത്, അവരുടെ ഇൻഷുറൻസ് പോർട്ട്ഫോളിയൊ പഠിക്കാനും വേണ്ട നിർദ്ദേശങ്ങൾ നൽകാനും ഇൻഷുറൻസ് കമ്പനികളുമായി ആശയ വിനിമയം നടത്താനുമുള്ള അധികാര പത്രമാണിത്. അതായത്, ഒരുഅഡ്വക്കേറ്റിന് വക്കാലത്ത്ഒപ്പിട്ട് കൊടുക്കുന്നതുപോലെ. ഇനി ഒരുബ്രോക്കിംങ് കമ്പനിയെ തിരഞ്ഞെടുക്കുമ്പോൾതന്നെ അവരുടെ ഉപഭോക്താവിനോടുള്ള പ്രതിബദ്ധത, സേവനത്തിന്റെ നിലവാരം, പ്രവർത്തി പരിചയം, നിലവിൽസേവനം നൽകുന്ന പ്രധാനപ്പെട്ട ഉപഭോക്താക്കൾ, ക്ലെയിം കൺസൾട്ടൻസി നൽകിയതിന്റെവിവരങ്ങൾ, വിപണിശ്യംഖലഎന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ പരിഗണിച്ചായിരിക്കണം. വ്യവസായികളിൽ ഭൂരിഭാഗം പേരും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുംവായ്പ എടുക്കുന്നവരാണ്. പലപ്പോഴും ധനകാര്യ സ്ഥാപനങ്ങൾ ഇൻഷൂറൻസ് പോളിസികൾ എടുക്കുക പതിവാണ്. എന്നാൽ ഒരുക്ലെയിം ഉണ്ടായാൽ ബഹുഭൂരിപക്ഷം ക്ലെയിമുകളിലും നഷ്ടപ്പെട്ടതുക ലഭിക്കാതെ വരുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. അതിന്റെ കാരണം മറ്റൊന്നുമല്ല തെറ്റായ രീതിയിൽ ഇൻഷൂർ ചെയ്യുന്നതുകൊണ്ടാണിത്. ബിൽഡിങ്ങ്, മെഷീനറിഎന്നിവ റീ ഇൻസ്റ്റേറ്റ്മെന്റ് വാല്യുവിന് (അതായത് നാശനഷ്ടം ഉണ്ടായാൽ പുതിയതായി നിർമ്മിക്കാനുള്ള ചിലവിന്) ഇൻഷൂർ ചെയ്യേണ്ടതുണ്ട്. അതുപോലെതന്നെ സ്റ്റോക്ക് യഥാർഥ വിലക്ക് ഇൻഷൂർ ചെയ്തിരിക്കണം. അല്ലാത്ത സാഹചര്യത്തിലെല്ലാംതന്നെ ക്ലെയിം തുകവളരെ കുറയാൻ ഇടയാകുന്നു. ഇവിടെ പ്രൊഫഷണലുകൾ വലിയ പങ്ക് വഹിക്കാറുണ്ട്.

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ.** 9895768333

# കാർഷിക സംരംഭങ്ങൾക്ക് ജാമ്യമില്ലാതെ 2 കോടി വായ്പയും 3 ശതമാനം പലിശ സബ്സിഡിയും

## (കേന്ദ്ര സർക്കാർ പദ്ധതി)



ടി.എസ്. ചന്ദ്രൻ

കാർഷിക മേഖലയുടെ പുരോഗതിയ്ക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പ്രത്യേകിച്ച് വിളവെടുപ്പിന് ശേഷമുള്ള കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിനും വ്യാപാരത്തിനും ഉല്പന്നങ്ങൾ കൂടുതൽ മൂല്യവർദ്ധന ഉല്പന്നങ്ങളാക്കി മാറേണ്ടതുണ്ട്. ഇതിനിടയിൽ ഉണ്ടായേക്കാവുന്ന നഷ്ടവും കുറക്കുകയും വേണം. ഇതിനായി ഒരു ലക്ഷം കോടിയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ദേശീയ കാർഷിക അടിസ്ഥാന സൗകര്യ പദ്ധതി (National Agriculture Infra Facility) എന്ന പേരിൽ കേന്ദ്ര കൃഷി- കർഷക ക്ഷേമ മന്ത്രാലയമാണ് പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്. 2020-21 മുതൽ 2032-33 വരെ ഈ പദ്ധതി പ്രാബല്യത്തിൽ ഉണ്ടാകും.

### പദ്ധതി ആനുകൂല്യങ്ങൾ

- 2 കോടി രൂപ വരെ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്നു.
- 3 ശതമാനം പലിശ സബ്സിഡി നൽകുന്നു. 2 കോടി രൂപ വരെയുള്ള വായ്പയ്ക്ക് ഈ ആനുകൂല്യം ലഭിക്കുന്നു.
- 7 വർഷം വരെ ഈ സഹായം ലഭിക്കുന്നതിന് സൗകര്യം ഉണ്ടാകും.
- ഒരേ സ്ഥാപനത്തിന്റെ പൊതുവായ സ്ഥലങ്ങളിലുള്ള പ്രോജക്റ്റുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു.
- പദ്ധതി അടങ്കലിന്റെ 25 ശതമാനം പൂർണ്ണമായും സ്വകാര്യമേഖലക്കായി മാറ്റി വെച്ചിരിക്കുന്നു.

### ആർക്കെല്ലാം ലഭിക്കും

കാർഷിക ഉല്പന്ന വിപണന സംഘങ്ങൾ, കാർഷിക സംരംഭകർ, കൃഷിക്കാർ, എസ്.എച്ച്. ജി. കൾ, ജെ.എൽ.ജി.കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പി.പി.പി. പ്രൊജക്റ്റുകൾ, പ്രാഥമിക കാർഷിക സഹ.സംഘങ്ങൾ, സ്റ്റാർട്ടപ്പുകൾ, കാർഷിക സഹകരണ സ്ഥാപനങ്ങൾ, സംസ്ഥാനങ്ങളുടെ പി.പി.പി. മോഡൽ പ്രൊജക്റ്റുകൾ എന്നിവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കും. കാർഷിക ഉല്പന്നങ്ങളുടെ സംസ്ക്കരണത്തിൽ (വിവിധ തലങ്ങളിൽ) ഏർപ്പെട്ടി രിക്കുന്ന സ്വകാര്യ സംരംഭങ്ങൾക്ക് ഇതിൽ പ്രകാരം ആനുകൂല്യം ലഭിക്കും.

### എന്തൊക്കെ പ്രവൃത്തികൾക്ക് ആനുകൂല്യം ലഭിക്കും

കാർഷിക വിളകളുടെ പുളിപ്പിക്കൽ, ബേക്കിംഗ്, ഉല്പന്നങ്ങളുടെ പഫിംഗ്, വറുക്കൽ, റോസ്റ്റിംഗ്, ബ്ലന്റിംഗ്, എക്സ്ട്രൂഷൻ, അരിയുടെ ന്യൂട്രിഷ്യൻ വർദ്ധിപ്പി ക്കൽ, (ബലപ്പെടുത്തൽ) തുടങ്ങിയ ഏതാനും പ്രവൃത്തികൾ ഒഴികെ മറ്റ് കാർഷിക പ്രവൃത്തികൾക്ക് അർഹത.

ജൈവ ഉല്പന്ന നിർമ്മാണം, ജൈവ ഉത്തേജക ഉല്പന്നങ്ങൾ, നേഴ്സറി, ടിഷ്യൂ, വിത്ത് സംസ്ക്കരണം, ആട്ടോമേഷൻ, ഡ്രോണുകൾ, എ.ഐ. തുടങ്ങിയവ ഉപയോഗപ്പെടുത്തിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ, വെയർ ഹൗസ്, സൈലോ, കോൾഡ് സ്റ്റോറേജ്, കോൾഡ് ചെയിൻ, പാക്കേജിങ്ങ്, ധാന്യങ്ങളുടെ പ്രാഥമിക സംസ്ക്കരണ കേന്ദ്രങ്ങൾ തുടങ്ങിയ പ്രവൃത്തികൾക്ക് അർഹത ഉണ്ടായിരിക്കും.

### സാധാരണ സംരംഭങ്ങൾക്ക്

കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന സാധാരണ സംരംഭകർക്കും, കർഷകർക്കും, സ്റ്റാർട്ടപ്പുകൾക്ക് ഈ പദ്ധതിയെ നന്നായി ഉപയോഗപ്പെടുത്താനാകും. അരി, ഗോതമ്പ്, മറ്റ് ചെറുധാന്യങ്ങൾ, എണ്ണകൾ, സുഗന്ധ വ്യഞ്ജനങ്ങൾ, ചണം, നാളികേരം, ചായ, കാപ്പി, റബ്ബർ, ഹെർബൽ, ബാംബൂ, കാലിത്തീറ്റകൾ, കിഴങ്ങ് വിളകൾ, അടയ്ക്ക, പരിപ്പുകൾ തുടങ്ങിയവയുടെ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉപയോഗപ്പെടുത്താം. ഡ്രോൺ പോലുള്ള സ്റ്റാർട്ടപ്പുകൾക്കും പ്രയോജനപ്പെടും.

അരി, ഗോതമ്പ്, മറ്റ് ധാന്യങ്ങൾ എന്നിവയുടെ ക്ലീനിങ്ങ് അഴുക്ക് നീക്കൽ, ഉണക്കൽ, കുത്തൽ, പൊടിക്കൽ, പാർ ബോയിലിങ്ങ് (Par-boiling) സൂക്ഷിക്കൽ, ഗ്രൈന്റിങ്ങ് എന്നിവർക്കെല്ലാം ആനുകൂല്യം ലഭിക്കും.

### ഓൺലൈൻ അപേക്ഷ

https://agriinfra.dac.gov.in എന്ന ലിങ്ക് വഴി അപേക്ഷ സമർപ്പിക്കാം. അതിൽ പറയുന്ന രേഖകളും സമർപ്പിക്കണം. ഏത് തരം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും (സ്വകാര്യ പണ സ്ഥാപനങ്ങൾ ഒഴികെ) അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഈ ലിങ്ക് വഴി ലഭിക്കും.

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**



DentCare
Brightening Smiles The World Over!

# സർഗ്ഗാത്മകത, സമർപ്പണം, ദൃഢനിശ്ചയം

അയൽവീട്ടിൽനിന്നും അമ്മ കൊണ്ടുവരുന്ന ഒരു നേരത്തെ ആഹാരത്തിനു വേണ്ടി ആർത്തിയോടിരുന്ന ജോൺ കുര്യാക്കോസ് ഇന്നു നാലായിരത്തോളം ജീവനക്കാരുള്ള ഡെന്റ്കെയറിന്റെ അമരക്കാരനായത് ഒരു കഥയാണ്, ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളെ നിശ്ചയദാർഢ്യത്തോടും കഠിനാദ്ധ്വാനത്തിന്റെ പിൻബലത്തോടും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതിലുപരി ദൈവാശ്രയബോധത്തോടും കൂടി നേരിട്ട് വിജയത്തേരിലേറിയ പച്ചയായ ജീവിതകഥ.

ദന്തപരിപാലനമേഖല അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കാലമാണിത്. നമ്മുടെ നാട്ടിൽ ലഭ്യമല്ലാതിരുന്ന നൂതനമായ എല്ലാ ഉത്പന്നങ്ങളും ചികിത്സാസംവിധാനങ്ങളും ഇന്നിവിടെ സാധ്യമാണ്. ഡെന്റ്കെയർ ഡെന്റൽ ലാബ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏഷ്യയിലെ ഏറ്റവും വലുതും ലോകത്തിലെ രണ്ടാമത്തേതുമായ കൃത്രിമ ദന്തനിർമ്മാണ ഫാക്ടറി നമ്മുടെ കേരളത്തിൽ മൂവാറ്റുപുഴയിലാണ് സ്ഥിതി ചെയ്യുന്നത്.

1967 മെയ് 18 നു സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ഓലിക്കൽ കുടുംബത്തിൽ കുര്യാക്കോസ് ഏലിയാമ്മ ദമ്പതിമാരുടെ മകനായി ജോൺ ജനിച്ചു.

ഗുണനിലവാരമുള്ള കൃത്രിമപ്പല്ലുകൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു ഡെന്റൽ ലാബ് ആരംഭിക്കണമെന്ന സ്വപ്നം ജോണിന്റെ ഹൃദയത്തിൽ മൊട്ടിട്ടു. ജോണിന്റെ നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും മൂലം 1988 ൽ ഡെന്റ്കെയർ ഡെന്റൽ ലാബ് എന്ന എളിയ സംരംഭം 6 ജീവനക്കാരുമായി ആരംഭിച്ചു. വളരെ പെട്ടെന്നാണ് ഡെന്റ്കെയർ പ്രചുരപ്രചാരം നേടിയത്. കേരളത്തിലും പിന്നെ ഇന്ത്യയിലൊട്ടാകെയും വേരോട്ടമുള്ള ഡെന്റ്കെയറിന്റെ ഖ്യാതി താമസംവിനാ വിദേശരാജ്യങ്ങളിലേയ്ക്കും വ്യാപിച്ചു. ഇന്ന് യു.എസ്.എ, യു.കെ, ന്യൂസിലാന്റ്, ഓസ്ട്രേലിയ, യു.എ.ഇ. എന്നീ അഞ്ച് രാജ്യങ്ങളിലേക്ക് ഡെന്റ്കെയറിന്റെ ഉല്പാദന ശൃംഖല വിപുലീകരിക്കപ്പെട്ടതു ദൈവകൃപകൊണ്ടാണ്, പ്രാർത്ഥനയുടെ ശക്തികൊണ്ടാണ്, കളങ്കമില്ലാത്ത പ്രവർത്തനങ്ങളുടെ സ്വാധീനം കൊണ്ടാണെന്ന് അദ്ദേഹം പൂർണ്ണമായി വിശ്വസിക്കുന്നു.

എന്താണ് ഉദാത്തമായ വ്യവസായ സംരംഭകത്വം എന്നതിനുള്ള ഉത്തരമാണ് ഡെന്റ്കെയർ. വ്യവസായ സംരംഭകത്തിന്റെ അടിത്തറ സാമ്പത്തിക ലാഭമല്ല, പണത്തോടുള്ള ആർത്തിയുമല്ല. നാമുണ്ടാക്കുന്ന ഉല്പന്നം ഗുണവും മേന്മയും ഉള്ളതായാൽ ഉപഭോക്താക്കൾക്കിടയിൽ സ്വീകാര്യത വർദ്ധിക്കും. ഉപഭോക്താവിന്റെ രുചിഭേദം അറിഞ്ഞ് തന്റെ ആർത്തിയേക്കാൾ ഉപഭോക്താവിന്റെ ആവശ്യത്തിനു പ്രാധാന്യം നൽകി ബിസിനസ്സ് നടത്തുമ്പോഴാണ് വളർച്ചയുടെ വാതായനം നമുക്കായി തുറക്കപ്പെടുന്നത്. ജോൺ കുര്യാക്കോസിന്റെ വ്യവസായ വളർച്ചയുടെ രഹസ്യം ഇതുതന്നെയാണ്. തന്റെ വളർച്ച ഉപഭോക്താവിന്റെ സഹകരണത്തിലാണെന്ന് ഉറച്ചു വിശ്വസിക്കുന്ന വ്യക്തിയാണ് ജോൺ കുര്യാക്കോസ്.

പത്താം ക്ലാസ്സിനുശേഷം പഠനം നിർത്തിയ ജോൺ ഇതിനോടകം ചെന്നൈ ശ്രീ ബാലാജി ഡെന്റൽ കോളേജിൽ നിന്ന് Dental Technician Course ഉയർന്ന മാർക്കോടെ പാസ്സായി. പ്രാരംഭകാലത്ത് ഫുൾ മെറ്റൽ ക്രൗണും, മെറ്റലിൽ അക്രിലിക് കവറിംഗ് കൊടുക്കുന്ന ബ്രിഡ്ജസും മാത്രമാണ് നിർമ്മിച്ചിരുന്നത്. തുടക്കം മുതൽ ഒരു കാര്യത്തിന് അദ്ദേഹത്തിന്



നിർബ്ബന്ധം ഉണ്ടായിരുന്നു മനുഷ്യശരീരത്തിന് ഹാനികരമായ ഒരു അസംസ്കൃത വസ്തുക്കളും ദന്ത നിർമ്മാണത്തിന് ഉപയോഗിക്കരുതെന്ന കർശനമായ നിലപാട്. അന്വേഷണ കുതുകിയായ ജോൺ കുര്യാക്കോസ് തന്റെ വ്യവസായത്തിന്റെ വിപുലമായ സാധ്യതകളെ അടുത്തറിയേണ്ടതിനു വിദേശ യാത്രകൾ നടത്തുവാൻ ആരംഭകാലത്ത് കാണിച്ച ധൈര്യമാണ് ഡെന്റ്കെയറിന്റെ വളർച്ചയിൽ നാഴികക്കല്ലായത്.

200% ഇറക്കുമതി ചുങ്കമുണ്ടായിരുന്നപ്പോൾ ഇന്ത്യയിൽ ആദ്യമായി ജർമ്മൻ കാസ്റ്റിംഗ് മെഷീൻ ഇറക്കുമതി ചെയ്ത് ദന്ത ശാസ്ത്രത്തിൽ ഒരു വിപ്ലവത്തിന് തുടക്കം കുറിച്ചു. താൻ മാത്രമല്ല തന്റെ ജീവനക്കാരെയും വിദേശ രാജ്യങ്ങളിൽ (ജർമ്മനി, ജപ്പാൻ, സ്വിറ്റ്സർലൻഡ്, ഇറ്റലി, യു.എസ്., സ്വീഡൻ) വിട്ട് വിദഗ്ദ്ധമായ പരിശീലനം കൊടുക്കുവാൻ ജോൺ കാണിച്ച ക്രാന്തദർശിത്വം ഉല്പന്നങ്ങളുടെ ഗുണനിലവാരം കൂട്ടുന്നതിനും സ്ഥാപനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ഏറെ സഹായിച്ചു.

ഇന്ത്യയിൽ ആദ്യമായി ബ്രാൻഡഡ് ക്രൗൺ ആൻഡ് ബ്രിഡ്ജ് ''ഡെന്റ്കെയർ നോവ'' ഇറക്കിക്കൊണ്ട് കൃത്രിമ ദന്ത നിർമ്മാണരംഗത്ത് സെറാമിക്കിനുള്ള വിപുലമായ സാദ്ധ്യത പ്രയോജനപ്പെടുത്തുവാൻ ജോണിനു കഴിഞ്ഞു. ലോകത്ത് ദന്ത ചികിത്സാശാസ്ത്രത്തിൽ ലഭ്യമായ എല്ലാ നൂതന യന്ത്രസാമഗ്രികളും സാങ്കേതികവിദ്യയും ഏറ്റവും ആദ്യം ഡെന്റ്കെയറിൽ എത്തിക്കുവാൻ ജോൺ കുര്യാക്കോസ് എന്നും പ്രതിജ്ഞാബദ്ധനായിരുന്നു. ഡയറക്ട്മെറ്റൽ ലേസർ സിന്ററിംഗ്-(ഡി.എം.എൽ.എസ്.) എന്ന സാങ്കേതിക പരിജ്ഞാനം ഇന്ത്യയിൽ ആദ്യം കൊണ്ടു വന്നു.

സ്ഥിരമായി ഉറപ്പിച്ചു വയ്ക്കുന്ന പല്ലുകളിൽ ഇന്ന് ധാരാളം വകഭേദങ്ങൾ ലഭ്യമാണെങ്കിലും 'ഊരി മാറ്റാവുന്ന പല്ലിന്റെ' പ്രസക്തി ഒട്ടും കുറയാതെ തന്നെ നിലനിൽക്കുന്ന കാലമാണ് ഇത്. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ടും ആഗോള നിലവാരത്തിനൊത്തുയർന്നും ഉപഭോക്താക്കളുടെ ആവശ്യം അറിഞ്ഞും വിപണി യിലിറക്കിയ ഡെന്റ്കെയർ ഫ്ളക്സ്, ഡെന്റ്കെയർ സൂപ്പർ ഫ്ളക്സ്, ബി.പി.എസ് ഡെഞ്ചർ, കാസ്റ്റ് പാർഷ്യൽ ഡെഞ്ചർ, ഡെന്റ്കെയർ അക്രലിക് പ്ലസ്/ഇംപാക്ട്/ ഇൻജെക്ട്/ഇൻജെക്ട് പ്രോ എന്നിവയെല്ലാം ഡെന്റൽ ക്ലിനിക്കുകളിൽ രോഗികൾ ചോദിച്ചു ചെല്ലുന്ന നിലയിലേക്ക് പ്രചാരം നേടിക്കഴിഞ്ഞു. എടുത്തു മാറ്റാവുന്ന പല്ലുകൾക്ക് പകരം വിവിധ ഇനം ഉല്പന്നങ്ങൾ ഉണ്ടെ ങ്കിലും അതിൽ അതിനൂതനവും സങ്കീർണ്ണവുമാണ് ഇംപ്ലാന്റ്. പക്ഷേ, ഏതു സങ്കീർണ്ണമായ ടെക്നോളജിയും വളരെ ചുരുങ്ങിയ കാലംകൊണ്ടു തന്നെ കൈപ്പി ടിയിൽ ഒതുക്കുന്ന ജോൺ കുര്യാക്കോസിന്റെ ഇച്ഛാശക്തിയും പ്രവർത്തന വൈശിഷ്ട്യവും ഡെന്റ്കെയർ ഇംപ്ലാന്റിനെ മികവുറ്റതാക്കി തീർത്തു.



2014 – ൽ അനന്യസാധാരണവും അതിനൂതനവുമായ ഒരു വികസന വീക്ഷണമാണ് ഡെന്റ്കെയർ ലോകമുമ്പാകെ സമർപ്പിച്ചത്. സിർക്കോണിയ എന്ന ഇനത്തിന്റെ ആവിർഭാവം ആഗോള ദന്തശാസ്ത്രത്തിൽ പുതിയൊരു യുഗത്തിനു തുടക്കം കുറിക്കുകയായിരുന്നു. മെറ്റലിന് (ലോഹത്തിന്) മുകളിൽ സിറാമിക് കോട്ടിംഗ് കൊടുത്തുകൊണ്ടുള്ള നിർമ്മാണ രീതിയാണ് അന്നുവരെ ഉണ്ടായിരുന്നതെങ്കിൽ സിർക്കോണിയയുടെ വരവോടെ ലോഹമുക്ത യുഗത്തിന് ആരംഭമായി.

ലോകത്തിലെ പല കമ്പനികളും ലഭ്യമായ പല സിർക്കോണിയ ബ്ലോക്കുകൾ അവരുടെ ബ്രാൻഡിൽ കൊണ്ടുവന്നെങ്കിലും, ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്ത ജോൺ കുര്യാക്കോസ് അതിലൊന്നും സംതൃപ്തനായില്ല. തങ്ങളുടെ ഉല്പന്നം ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് റേഡിയേഷൻ ഉണ്ടാകാനുള്ള സാധ്യത ഒരു ശതമാനം പോലും വരരുതെന്ന കർശനമായ അദ്ദേഹത്തിന്റെ ചിന്ത പുതിയ വഴിത്തിരിവിലേക്കാണ് എത്തിയത്. ലോകത്തിലേക്ക് ഏറ്റവും സുരക്ഷിതവും മനുഷ്യശരീരത്തിന് ഹാനികരമല്ലെന്ന് ഉറപ്പുതരുന്നതുമായ മെഡിക്കൽ ഗ്രേഡ് സിർക്കോണിയ പൗഡർ കൊണ്ടുള്ള സിർക്കോണിയ ഫലകം ഉപയോഗിക്കുവാൻ തുടങ്ങി. അതോടെ "ഡെന്റ്കെയർ സിർക്കോണിയ" എന്ന ലോഹവിമുക്ത ഉല്പന്നം ഉപഭോക്താക്കൾ ഡോക്ടർമാരോട് ചോദിച്ചു വാങ്ങുന്ന ജനപ്രിയ ബ്രാൻഡ് ആയി മാറി. വ്യത്യസ്ത സാഹചര്യങ്ങളിൽ ഉപയോഗിക്കാവുന്ന വിവിധതരം പ്രത്യേകതകളോടുകൂടിയ ആറ് വൈവിധ്യങ്ങൾ, "ഡെന്റ്കെയർ സിർക്കോണിയ" യിൽ ലഭ്യമാണ്.

നിര തെറ്റിയ പല്ലുകൾ നേരെയാക്കുവാൻ ഏവർക്കും സുപരിചിതമായിരുന്ന മാർഗ്ഗം പല്ലു കമ്പി കെട്ടുക എന്നത് മാത്രമായിരുന്നു. ആധുനിക ചികിത്സാ രീതിയായ ഡെന്റൽ അലൈനർ (നിര തെറ്റിയ പല്ലുകൾ നേരെ ആക്കൽ) ഉപയോഗിക്കാൻ വളരെ എളുപ്പവും വേദനരഹിതവും ആണ്. ലോകോത്തര നിലവാരത്തിൽ ഡെന്റ്കെയർ അലൈനർ അവതരിപ്പിച്ചപ്പോൾ ലഭിച്ച സ്വീകാര്യത പ്രശംസനീയം തന്നെയാണ്.

വിദേശരാജ്യങ്ങളിൽ നിന്നുപോലും രോഗികളുടെ പല്ല് സ്കാൻ ചെയ്ത് അയയ്ക്കാനും അത് ഇവിടെ പ്രിന്റ് ചെയ്തെടുക്കാനുമുള്ള സംവിധാനം ഇന്ന് ഇവിടെ ലഭ്യമാണ്. അതിനാവശ്യമായ ത്രീഡി പ്രിന്റർ കമ്പനിയുടെ റിസേർച്ച് & ഡെവലപ്മെന്റ് വിഭാഗ

മാണ് വികസിപ്പിച്ചെടുത്തത് എന്നുള്ളത് കൗതുകമുണർത്തുന്ന കാര്യമാണ്. ദന്തശാസ്ത്രത്തിലും എഫ്.എം.സി.ജി. യിലും ഉള്ള മറ്റ് അമ്പതോളം ഉല്പന്നങ്ങൾ ഇവിടെ വിപണനത്തിന് ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

ആഗോള ഗുണനിലവാരത്തിന്റെ കാര്യത്തിൽ അവസാന വാക്കായ എല്ലാ സർട്ടിഫിക്കേഷൻസും ഡെന്റ്കെയറിനുണ്ട്. 13485:2016, ISO 9001:2015, ISO/IEC 27001:2013, ISO 14001:2015 and ISO 45001:2018 എന്നിവയ്ക്ക് പുറമേ കർശനമായ നിരീക്ഷണങ്ങൾക്ക് ശേഷം മാത്രം നേടിയെടുക്കാൻ കഴിയുന്ന US FDA യും, 510K യും ഡെന്റ്കെയറിന്റെ കിരീടത്തിലെ പൊൻതൂവലുകളാണ്.

ആരോഗ്യപരിപാലന രംഗം കുറ്റമറ്റതാക്കുന്നതിനുവേണ്ടി ഇന്ത്യ ഗവൺമെന്റ് കൊണ്ടുവന്ന സംവിധാനമാണ് സെൻട്രൽ ഡ്രഗ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ (സി.ഡി.എസ്.സി.ഒ.) ഇന്ത്യയിൽ സി.ഡി.എസ്.സി.ഒ. –യുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുകയും അവരുടെ രജിസ്ട്രേഷൻ നേടിയെടുക്കുകയും ചെയ്ത ദന്തനിർമ്മാണരംഗത്തെ പ്രഥമസ്ഥാപനമാണ് ഡെന്റ്കെയർ.

കേവലം 290 ച.അടിയിൽ 2 ഉല്പന്നങ്ങളുമായി ആരംഭിച്ച ഡെന്റ്കെയർ ഇന്ന് വളർച്ചയുടെ പടവുകൾ താണ്ടി 2,75,000 ച.അടിയിൽ നാനൂറിൽപ്പരം ഉല്പന്നങ്ങളും, നാലായിരത്തോളം ജീവനക്കാരും ഉൾപ്പെടുന്ന അതിവിശാലമായ ഒരു സംരംഭമായി മാറിയിരിക്കുന്നു. ഇത് കേരളത്തിന് എന്നല്ല ഭാരതത്തിനു തന്നെ അഭിമാനകരമായ ഒരു നേട്ടമാണ്. അങ്ങനെ ഡെന്റ്കെയറിന്റെ വ്യാപനം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടു; സാർവ്വദേശീയ തലങ്ങളിൽ സ്വീകാര്യയോഗ്യമാവുകയും ചെയ്തു.

ദന്തസംരക്ഷണ മേഖലയിൽ ആവശ്യമായ പഠിപ്പും പരിശീലനവും ലഭിച്ച സാങ്കേതിക വിദഗ്ദ്ധർ നമ്മുടെ നാട്ടിൽ ലഭ്യമല്ല. പല സർക്കാർ സംവിധാനങ്ങളിലും ഡെന്റൽ കൗൺസിലിലും മന്ത്രിതല ചർച്ചകളിലും ഈ വിഷയം പലവട്ടം ഉന്നയിച്ചെങ്കിലും ഒരു സ്ഥലത്തുനിന്നും ഒരു പരിഹാരവും കിട്ടിയില്ല. അങ്ങനെയാണ് സ്വന്തം നിലയിൽ DentCare Institute of Dental Technology (DIDT) എന്ന സ്ഥാപനം ആരംഭിക്കാൻ ഇടയായത്. ഒരു ദൈവിക നിയോഗം പോലെ ഇന്ന് ഇന്ത്യയിലെ അനേകം മുൻനിര യൂണിവേഴ്സിറ്റികൾ അവരുടെ അക്കാദമിക് പാർട്ട്ണറായി DIDT യെ അംഗീകരിക്കുകയും വിവിധ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തത് ഇന്ത്യയിലെ വിദ്യാർത്ഥി സമൂഹത്തിന് ഒരു ചരിത്രനേട്ടമാണ്. ഈ കോഴ്സുകൾക്ക് ഇന്ന് ഡെന്റൽ കൗൺസിൽ അംഗീകാരവും ഉണ്ട്.

ഡെന്റ്കെയറിന്റെ ജൈത്രയാത്ര വിസ്മയകരമാണ്; അസൂയാവഹമാണ്. അനുദിന ജീവിതചര്യകളിൽ അതിശ്രേഷ്ടമായ സ്വാധീനം ചെലുത്തി വളർച്ചയുടെ വികസന പഥങ്ങൾ താണ്ടി ഡെന്റ്കെയർ വളരുന്നു... ●

## വ്യവസായ വകുപ്പ് മന്ത്രി പി. രാജീവുമായുള്ള കൂടികാഴ്ച



← പ്രൈവറ്റ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് അമെന്റ്മെന്റ് ന്യൂനതകൾ, പ്രൈവറ്റ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള അനുമതി, സൈൻ പ്രിന്റിങ്ങ് അസോസിയേഷന്റെ പരാതി, അർജ്ജുന നാച്ചുറൽ പ്രൈവറ്റ് ലിമിറ്റഡിന് സ്റ്റോപ്പ് മെമ്മോ കൊടുത്ത വിഷയം, വ്യവസായികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നിവേദനം സംസ്ഥാന പ്രസിഡന്റ് എ.നിസാ റുദ്ദീനും ജനറൽ സെക്രട്ടറി പി.ജെ. ജോസും ചേർന്നു വ്യവസായ വകുപ്പ് മന്ത്രി പി.രാജീവിന് നല്കി ചർച്ച ചെയ്യുന്നു കെ.എസ്.എസ്.ഐ.എ. മറ്റു ഭാരവാഹികൾ സമീപം .



↑ അർജ്ജുന നാച്ചുറൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപന ത്തിന് സ്റ്റോപ്പ് മെമ്മോ കൊടുത്ത വിഷയത്തെ സംബന്ധിച്ചുള്ള നിവേദനം വ്യവസായ പ്രിൻസിപ്പൽ സെ ക്രട്ടറി എ.പി.എം.മുഹമ്മദ് ഹനിഷ് ഐ.എ.എസ്. ന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനും ജനറൽ സെക്രട്ടറി പി.ജെ. ജോസും ചേർന്നു നല്കി ചർച്ച ചെയ്യുന്നു.



↑ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ചെറുകിട വ്യവസായികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നിവേദനം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനും ജനറൽ സെക്രട്ടറി പി.ജെ. ജോസും ചേർന്നു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിന് നല്കുന്നു. കെ.എസ്.എസ്.ഐ.എ. മറ്റു ഭാരവാഹികൾ സമീപം.

GRIEVANCE REDRESSAL PORTAL

# സംരംഭകത്വത്തിന് കരുതൽ വിരൽത്തുമ്പിൽ പരാതി പരിഹാരം





എസ്. ഹരി കിഷോർ ഐ.എ.എസ്.

നാളുകൾ പിന്നിടുന്തോറും വ്യവസായ മേഖല കുതിച്ചുയരുകയാണ്. സംരംഭകരെ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം വ്യവസായ മേഖലയിലുള്ള പരാതികൾ പരമാവധി ഇല്ലാതാക്കുന്നതിനും പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും സർക്കാർ മുൻഗണന നല്കുന്നു. വ്യവസായ മേഖലയെ ക്രിയാത്മകമായി രൂപപ്പെടുത്തുന്നതിന്റെ ഭാഗമാണ് പരാതി പരിഹാരം സംവിധാനം ഒരുക്കിയിരിക്കുന്നത്.

സംരംഭകർ വർദ്ധിപ്പിക്കുന്നതോടെ സംരംഭകത്വവുമായി ബന്ധപ്പെട്ട പരാതികളും ഉയർന്നു വരിക സ്വഭാവികമാണ്. കൂടാതെ, സേവന മേഖലയിലെ താമസം സംരംഭങ്ങളെ കാര്യമായി ബാധിക്കുകയും ചെയ്യും. ഇതിനു പരിഹാരം എന്ന നിലയ്ക്കാണ് രാജ്യത്ത് ആദ്യമായി പൂർണ്ണായി ഓൺലൈനിൽ പ്രവർത്തിക്കുന്ന പരാതി പരിഹാര സംവിധാനം നിലവിൽ വന്നത്. പരാതികൾ വേഗത്തിലും കാര്യക്ഷമമായും നടപ്പാക്കാമെന്നതും ഓഫീസുകൾ കയറിയിറങ്ങാതെ വിരൽത്തുമ്പിൽ പരിഹാരത്തിനു ശ്രമിക്കാമെന്നതുമാണ് ഇത്തരം പരാതി പരിഹാര സംവിധാനത്തിന്റെ മേന്മ. സംരംഭകരുടെ പരാതികളിൽ നീതി നിഷേധിക്കുന്നതോ വൈകിക്കുന്നതോ കാരണം സംരംഭകർക്ക് ബുദ്ധിമുട്ടുണ്ടാവരുത് എന്ന ഉറച്ച തീരുമാനത്തിലാണ് സംസ്ഥാന സർക്കാർ പുതിയൊരു നിയമം പാസാക്കി ചട്ടങ്ങൾ രൂപീകരിച്ച് സംരംഭകർക്ക് സുരക്ഷയൊരുക്കുന്നത്. അതിനായാണ് സിവിൽ കോടതി അധികാരമുള്ള പരാതി പരിഹാര കമ്മിറ്റികൾ നിലവിൽ വന്നത്.

## 30 ദിവസത്തിനുള്ളിൽ പരിഹാരം

17 വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളിലാണ് ഓൺലൈനായി പരിഹാരം ഉണ്ടാവുക. പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കുന്ന തരത്തിലാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്. സംരംഭകരിൽ നിന്ന് പരാതി ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ പരിഹാരം ഉറപ്പു വരുത്തണമെന്നാണ് തീരുമാനം. പരിഹാരം നിർദ്ദേശിച്ച ശേഷം 15 ദിവസത്തിനകം നടപടിയുണ്ടായില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഒരു ദിവസത്തിന് 250 രൂപ എന്ന നിലയിൽ പിഴ ഒടുക്കണം. പരമാവധി 10,000 രൂപ ഇത്തരത്തിൽ പിഴ ഈടാക്കാനാകും. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ പരാതികൾ പരിഹരിക്കാൻ സാധിച്ചാൽ സംരംഭകത്വം എന്നത് കാര്യക്ഷമമാകും. കൂടാതെ സർക്കാർ സംവിധാനങ്ങളുടെ കാര്യക്ഷമതയും വിശ്വാസ്യതയും വർദ്ധിക്കും. കൂടാതെ സർക്കാർ ഒപ്പമുണ്ട് എന്ന ബോധം സംരംഭകൻ അനുഭവവേദ്യമാകുകയും ചെയ്യും.

## പരാതി പരിഹാര കമ്മിറ്റികൾ

ജില്ല, സംസ്ഥാന പരാതി പരിഹാര സമിതികൾ രൂപികരിച്ചാണ് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പരാതി പരിഹാര സംവിധാനം പ്രവർത്തിക്കുന്നത്. സംരംഭകർക്കുള്ള grievanceredressal.industry.kerala.gov.in എന്ന വിലാസത്തിൽ നല്കാവുന്നതാണ്.

പരാതി പരിഹാര പോർട്ടലിന്റെ ഉദ്ഘാടനം വ്യവസായ മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതി ജില്ലാ കളക്ടർ അദ്ധ്യക്ഷനും, ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ജില്ലാസമിതി പരിശോധിക്കും. 10 കോടിക്ക് മുകളിൽ നിക്ഷേപമുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാസമിതിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന സമിതി പരിശോധിക്കും. സംസ്ഥാന സമിതിയിൽ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. പരാതിയുടെ വിചാരണ വേളയിൽ ജില്ല സംസ്ഥാന സമിതികൾക്ക് സിവിൽ കോടതിയ്ക്ക് തുല്യമായ അധികാരമുണ്ടാകും. ഇത്തരത്തിൽ സമിതികൾക്ക് അധികാരം നല്കുന്നത് പരാതികളിൽ പരിഹാരം കാണുന്നത് എളുപ്പമാക്കുന്നു. സേവനം നല്കാൻ നിയുക്തനായ ഉദ്യോഗസ്ഥന് മതിയായ കാരണം കൂടാതെ കാലതാമസമോ വീഴ്ചയോ വരുത്തിയാൽ പിഴ ചുമത്താനും വകുപ്പുതല നടപടിക്ക് ശുപാർശ ചെയ്യാനും ഈ സമിതികൾക്ക് അധികാര മുണ്ടാകും. പരാതികൾ നല്കി കാത്തിരിക്കുന്ന അവസ്ഥ ഇനിയുണ്ടാവില്ല. ചുവപ്പുനാടകളിൽ കുരുങ്ങി ഇനി സംസ്ഥാനത്ത് ഒരു സംരംഭത്തിനും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നഷ്ടമാവുകയില്ല.

ഇത്തരത്തിൽ നിരവധി ചുവടുകളിലൂടെ സംരംഭകനൊപ്പം നിലകൊള്ളുന്ന സംസ്ഥാനമാണ് കേരളം. വ്യവസായ മേഖല കൂടുതൽ സുതാര്യമാക്കാൻ ലക്ഷ്യമിട്ടും വൈവിധ്യമാർന്ന സംരംഭങ്ങൾ ഉരുത്തിരിയാനും വേണ്ടി നടത്തുന്ന ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാവുന്നു എന്നത് സംരംഭകരുടെ ഭാവി സുരക്ഷിതമാക്കുന്നു.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ്
കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ

# കേരളത്തിന്റെ സ്വന്തം പപ്പടം: ഇനി ഇന്റർനാഷണൽ ഇടം നേടും



സുരജ് എസ്.

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളിൽ (എം.എസ്.എം.ഇ.) സ്വന്തം ഇടം നേടാൻ ഒരുങ്ങുകയാണ് കേരളത്തിലെ പപ്പട നിർമ്മാണ മേഖല. കേരള ബ്രാൻഡിൽ ഇന്റർനാഷണൽ ലെവലിൽ പപ്പടത്തെ എത്തിക്കാനാണ് കേരള സംസ്ഥാന വാണിജ്യ വകുപ്പ് ഒരുങ്ങുന്നത്. ഇതിനായി തിരുവനന്തപുരം, കൊച്ചുവേളിയിലെ വ്യവസായ എസ്റ്റേറ്റിൽ അനന്തപുരം പപ്പടം ക്ലസ്റ്റർ അസോസിയേഷന്റെ പപ്പടം ക്ലസ്റ്ററിലെ കോമൺ ഫെസിലിറ്റി സെന്റർ (സി.എഫ്.സി) നിർമ്മാണത്തിന്റെ ശിലാസ്ഥാപന ചടങ്ങ് 2023 ജൂൺ 2 ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു.

കേന്ദ്ര സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയത്തിന്റെ പിന്തുണയോടെയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് എം.എസ്.എം. ഇ.– സി.ഡി.പി. പദ്ധതിക്കു കീഴിൽ വിവിധ ക്ലസ്റ്ററുകൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ പപ്പടം ക്ലസ്റ്ററിലുള്ള കോമൺ ഫെസിലിറ്റി സെന്റർ 5.552 കോടി രൂപ ചെലവിലാണ് സ്ഥാപിക്കുന്നത്. അടുത്ത വർഷമാദ്യത്തോടെ പപ്പടം ക്ലസ്റ്റർ കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമാണം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പപ്പടം ക്ലസ്റ്റർ നിലവിൽ വരുന്നതോടു കൂടി ഉത്പാദന ചെലവ് കുറച്ച് ഗുണനിലവാരമുള്ള പപ്പടം കൂടുതലായി നിർമിക്കാൻ കഴിയും. പ്രാദേശിക വിപണിയോടൊപ്പം അന്താരാഷ്ട്ര വിപണിയിലും കേരള ബ്രാൻഡിൽ ചുവടുറപ്പിക്കാനാണ് കേരളത്തിന്റെ സ്വന്തം പപ്പടവും ലക്ഷ്യമിടുന്നത്.

പ്രതിദിനം 24 ടൺ ശേഷിയുള്ള ദാൽ മിൽ പ്ലാന്റ്, 24 ടൺ ശേഷിയുള്ള ഉഴുന്ന് പൊടി നിർമ്മാണ പ്ലാന്റ്, 4 ടൺ ശേഷിയുള്ള റൈസ് ക്ലീനിങ്ങ്, വാഷിങ്ങ് പ്ലാന്റ്, 4 ടൺ ശേഷിയിൽ അരിപ്പൊടി ഉത്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളാണ് കോമൺ ഫെസിലിറ്റി സെന്ററി ലൊരുക്കുന്നത്. ഇതിലൂടെ പപ്പടം നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ. കൾക്ക് ഗുണമേന്മയുള്ള ഉത്പന്നങ്ങൾ സമയലാഭത്തോട് കൂടെ ഉത്പാദിപ്പിക്കുന്നതിന് വഴിയൊരുങ്ങും.

കേന്ദ്ര എം.എസ്.എം. ഇ. മന്ത്രാലയം, എം.എസ്.ഇ.–സിഡി.പി. പദ്ധതി പ്രകാരം കേരളത്തിൽ ഇതുവരെ 16 കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി) പ്രൊജക്റ്റുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. അതിൽ 12 സി.എഫ്സി കളുടെ വികസനം 75.22 കോടി രൂപ പദ്ധതി ചെലവിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള 4 സിഎഫ്സി പ്രൊജക്റ്റുകൾക്കായി 47.15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നു.

കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിൽ നിന്നുള്ള അനുമതി ലഭ്യമാകുന്ന മുറക്ക് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് കേരളത്തിൽ നേതൃത്വം




നൽകുന്നത്. പ്രസ്തുത പദ്ധതി പ്രകാരമുള്ള കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി) സ്ഥാപിക്കുന്നതിനുള്ള ഇമ്പ്ളിമെന്റിങ്ങ് ഏജൻസി ആയി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രൊമോഷനെയും ഐ.ഡി.എ./ഐ.ഡി.പി. എന്നിവയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികളുടെ ഇമ്പ്ളിമെന്റിങ്ങ് ഏജൻസി ആയി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ പപ്പട നിർമാണ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കായി കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി) സ്ഥാപിക്കുന്നതിന് കേന്ദ്ര എം.എസ്. എം.ഇ. മന്ത്രാലയം 555.22 ലക്ഷം രൂപയാണ് പദ്ധതിയുടെ മൊത്തം ചെലവായി കണക്കാക്കിയിരിക്കുന്നത്. അതിൽ 382.41 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും 111.04 ലക്ഷം രൂപ കേരള സർക്കാരും ലഭ്യമാക്കുന്നതാണ്. ബാക്കി 61.77 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി പദ്ധതി നിർമാണമേഖലയിലെ

സംരംഭങ്ങളുടെ കൂട്ടായ്മയായി രൂപികരിച്ച് അനന്തപുരം പപ്പടം ക്ലസ്റ്റർ അസോസിയേഷനുമാണ് ലഭ്യമാക്കുന്നത്.

എം.എസ്.ഇ–സി.ഡി.പി. സ്കീമിനായി കേന്ദ്ര സൂക്ഷ്മ ചെറുകിട –ഇടത്തരം വ്യവസായ സംരംഭക (എം.എസ്.എം.ഇ.) മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗനിർദ്ദേശ പ്രകാരമുള്ള പദ്ധതി ചെലവിൽ 5 മുതൽ 10 കോടി രൂപ വരെയുള്ള കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി) സ്ഥാപിക്കുന്നതിനായി കേന്ദ്ര വിഹിതം, 80 ശതമാനം, സംസ്ഥാന വിഹിതം 15 ശതമാനം, എം.എസ്.എം.ഇ. വ്യവസായ യൂണിറ്റുകളുടെ ക്ലസ്റ്ററിന്റെ പങ്കാളിത്തം 5 ശതമാനം എന്നിങ്ങനെയാണ്. 10 മുതൽ 30 കോടി രൂപ വരെയുള്ള കോമൺ പെസിലിറ്റി സെന്റർ (സിഎഫ്സി) സ്ഥാപിക്കുന്ന തിനായി ഇവ യഥാക്രമം 70%, 15%, 15% എന്നിങ്ങനെയാണ്.

## അനന്തപുരം പപ്പടം ക്ലസ്റ്റർ

**കോമൺ ഫെസിലിറ്റി സെന്ററിന്റെ (സി.എഫ്.സി) പ്രവർത്തനങ്ങൾക്കും വികസനത്തിനുമായി തിരുവനന്തപുരം ജില്ലയിൽ പപ്പടം നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്. എം.ഇ. കളുടെ കൺസോർഷ്യം (എസ്.പി.വി) ആണ് അനന്തപുരം, പപ്പടം ക്ലസ്റ്റർ അസോസിയേഷൻ. കൺസോർഷ്യത്തിൽ ആകെ 88 യൂണിറ്റുകൾ ഉൾപ്പെടുന്നു. അതിൽ 35 യൂണിറ്റുകൾ എസ്.പി.വി. യിൽ അംഗങ്ങളാണ്.**

ബഹു.നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ്, 2023 ജൂൺ 2 ന് കൊച്ചുവേളിയിലെ വ്യവസായ എസ്റ്റേറ്റിൽ പപ്പടം ക്ലസ്റ്ററിന്റെ (അനന്തപുരം പപ്പടം ക്ലസ്റ്റർ അസോസിയേഷൻ)




കോമൺ ഫെസിലിറ്റി സെന്റർ നിർമാണ ശിലാസ്ഥാപന ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചപ്പോൾ ബഹു. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കെ–ബിപ്പ് ചെയർമാനുമായ സുമൻ ബില്ല ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, അഡീഷണൽ ഡയറക്ടർ ജി. രാജീവ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രൊമോഷൻ (കെ–ബിപ്പ്) ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ സൂരജ്.എസ്., എം.എസ്. എം.ഇ.–ഡി.എഫ്.ഒ. തൃശൂരിന്റെ ജോയിന്റ് ഡയറക്ടർ ആന്റ് എച്ച്.ഒ.ഒ. പ്രകാശ്.ജി.എസ്, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർ അജിത്ത് എസ്, വെട്ടുകാട് വാർഡ് മെമ്പർ ക്ലിനസ് റൊസാരിയോ എൽ, അനന്തപുരം പപ്പടം ക്ലസ്റ്റർ അസോസിയേഷൻ മാനേജിങ്ങ് ഡയറക്ടർ എബ്രഹാം സി. ജേക്കബ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ●

**കെ – ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

## കെ.എസ്.എസ്.ഐ.എ. യുടെ നിരന്തരമായ നിവേദനത്തിന്റെയും ചർച്ചയുടെയും ഫലമായി ബിൽ കുടിശ്ശികയിൽ പലിശയിളവ് വൈദ്യുതി ബോർഡ് പ്രഖ്യാപിച്ചു



ബിൽ കുടിശ്ശിക

**പലിശയിളവുമായി വൈദ്യുതിബോർഡ്**

**തിരുവനന്തപുരം ▸** വൈദ്യുതി ബിൽ കുടിശ്ശിക ഒറ്റത്തവണയായി അടച്ചുതീർക്കാൻ ഇളവുമായി വൈദ്യുതി ബോർഡ്.

കുടിശ്ശിക 3260 കോടിയായതോടെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചത്. ഇത് നടപ്പാക്കാൻ വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ അനുവാദം വേണം. കമ്മീഷൻ 22–ന് ഉപഭോക്താക്കളുടെ വാദം കേൾക്കും.

2022 മാർച്ച് മുതൽ ജൂൺവരെ കുടിശ്ശിക തീർപ്പാക്കലിന് ഇളവ് നൽകിയിരുന്നു. എന്നാൽ ആ പദ്ധതി പരാജയപ്പെട്ടു. വെറും 3.16 കോടി രൂപയാണ് അന്ന് പിരിച്ചത്. ബിൽത്തുക കുടിശ്ശികയായാൽ 18 ശതമാനമാണ് പലിശ.

എന്നാൽ പുതിയ പദ്ധതിയിൽ രണ്ടുമുതൽ അഞ്ചുവർഷംവരെയുള്ള കുടിശ്ശികയ്ക്ക് ആറ് ശതമാനമാണ് ബോർഡ് നിർദേശിക്കുന്ന പലിശ. അഞ്ചുമുതൽ 15 വർഷംവരെയുള്ള കുടിശ്ശികയ്ക്ക് അഞ്ചുശതമാനവും അതിലും പഴക്കമുള്ളതിന് നാല് ശതമാനവും നൽകിയാൽ മതി. മുതൽ ഒറ്റത്തവണയായി അടയ്ക്കണം. പലിശ ആറ് മാസത്തവണകളായി അടയ്ക്കാം. മുതലും പലിശയും ഒരുമിച്ച് പൂർണമായി അടച്ചാൽ പലിശയിൽ രണ്ട് ശതമാനം ഇളവ് ലഭിക്കും.

**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**



# "REINVENT KOZHIKODE INVESTORS MEET 2023" സംഘടിപ്പിച്ചു

2023 മേയ് 30 –ാം തിയ്യതി അപ്പോളോ ഡിമോറയിൽ വെച്ച് കെ.എസ്.എസ്.ഐ.എ. കോഴിക്കോട് ജില്ലാഘടകം "REINVENT KOZHIKODE INVESTORS MEET 2023" എന്ന ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഉദ്ഘാടന സെഷനിൽ ബാബു മാളിയേക്കൽ സ്വാഗതം പറഞ്ഞു. വി.കെ.സി. റസാക്ക് ചെയർമാൻ അദ്ധ്യക്ഷത വഹിച്ചു. മീറ്റിന്റെ വിവരണം അനിൽ ബാലൻ ചെയർമാൻ പ്രോഗ്രാം കമ്മറ്റി അവതരിപ്പിച്ചു. ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിച്ചു. കോഴിക്കോട് ജില്ലയിൽ പുതിയ സംരംഭങ്ങളും, നിക്ഷേപ പദ്ധതികളും പ്രായോഗികമാക്കാനും, നിലവിവുള്ള വ്യവസായത്തിന്റെ തടസ്സങ്ങൾ നീക്കാനായിട്ട് ആറ് അംഗ ഗ്രീവൻസ് കമ്മറ്റി പ്രഖ്യാപിച്ചു. ഗ്രീവൻസ് ഡി.ഐ.സി. എൽ.എസ്.ജി.ഡി., കിൻഫ്രാ, വ്യവസായ വികസന വകുപ്പ്, ലീഡ് ബാങ്ക്, കെ.എസ്.എസ്.ഐ.എ. എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന കമ്മറ്റി രൂപികരിച്ചു. എ. നിസാറുദ്ദീൻ കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡണ്ട്, വി.കെ. സി. മമ്മത്കോയ മുൻ എം.എൽ.എ, ബിജു പി. എബ്രഹാം ജനറൽ മാനേജർ ഡി.ഐ.സി., എന്നിവർ ആശംസകൾ അർപ്പിച്ചു. വേദിയിൽ എം. ഖാലിദ് കെ.എസ്.എസ്.ഐ.എ മുൻ സംസ്ഥാന പ്രസിഡണ്ട്, സുരേഷ് വാക്കിയിൽ ഡപ്യൂട്ടി ജനറൽ മാനേജർ എസ്.ബി.ഐ (ബി & ഒ) കോഴിക്കോട് ശ്രീജിത്ത് കൊട്ടാരത്തിൽ ജനറൽ മാനേജർ (സോണൽ ഹെഡ്) ബാങ്ക് ഓഫ് ബറോഡ, റെജി സി.വി വൈസ് പ്രസിഡണ്ട് (സോണൽ ഹെഡ്) ഫെഡറൽ ബാങ്ക് എന്നിവർ സന്നിദ്ധരായിരുന്നു. ബഹു. PWD മിനിസ്റ്റർ മുഹമ്മദ് റിയാസ് അവർകൾ വീഡിയോ കോൺ ഫറൻസിലൂടെ ആശംസ അർപ്പിച്ചു. എം. അബ്ദുറഹിമാൻ കെ.എസ്.എസ്.ഐ.എ. ജില്ലാ പ്രസിഡണ്ട് നന്ദി അറിയിച്ചു.

ആദ്യ സെഷനിൽ. Briefing of New Industrial Policy യിൽ മോഡറേറ്റർ എ.വി സുനിൽനാഥ് (KSSIA സംസ്ഥാന വൈസ് പ്രസിഡണ്ട്), വർഗീസ് മാലക്കാരൻ (അസിസ്റ്റന്റ് ജനറൽ മാനേജർ–ഇൻവെസ്റ്റ്മെന്റ് KSIDC) സർക്കാരിന്റെ പുതിയ വ്യവസായനയം അവതരിപ്പിച്ചു. രണ്ടാമത്തെ സെഷനിൽ MSME INDUSTRIES & INVESTORS INTERACTION ൽ മോഡറേറ്റർ വി. കെ. സി റസാക്ക് (ഡയറക്ടർ KSIDC), പാനൽ ഡിസ്കഷൻ അവതരണം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. (പ്രിൻസിപ്പിൽ സെക്രട്ടറി വ്യവസായ വകുപ്പ്), ഹരികുമാർ. കെ (ജോ. ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്), രാജീവ് ജി (അഡീഷണൽ ഡയറക്ടർ വ്യവസായ വകുപ്പ്), എം. ഖാലിദ് (മുൻ സംസ്ഥാന പ്രസിഡണ്ട്) എന്നിവർ സർക്കാർ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപ്പിലാക്കിയ പുതിയ വ്യവസായ നയങ്ങളെ കുറിച്ച് ചർച്ച നടത്തി. മൂന്നാമത്തെ സെഷനിൽ Expert Panel Discussion on Bridging the GAP : Fostering collaboration ൽ മോഡറേറ്റർ രാജേഷ് നായർ (അസോസിയേറ്റ് പാർട്ട്, ഏണസ്റ്റ് & യംഗ്), പാനൽ ഡിസ്കഷൻ അവതരണം പ്രൊഫ. പ്രസാദ് കൃഷ്ണ (ഡയറക്ടർ എൻ.ഐ.ടി കാലിക്കറ്റ്), പ്രൊഫ. സജി ഗോപിനാഥ് (വൈസ് ചാൻസിലർ, കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി), ടോം തോമസ് (COO-KSUM) എന്നി പ്രമുഖർ സംസാരിച്ചു. നാലാമത്തെ സെഷനിൽ Scaling Together : Academic- Industry-Investors-Startup Synergies, Startup Pitching session Â Astrek Innovations, Urban Trash Pvt. Ltd, Convai Innovation Pvt. Ltd, Team Star base Pvt. Ltd, Hyper Quotient Technologies, Eat Easy Foods & Beverages എന്നി ആറ് സ്റ്റാർട്ടപ്പുകൾ അവരുടെ പ്രോജക്റ്റ് വിശദീകരിച്ചു.






# മുഖാമുഖം

## കെ.എസ്.എസ്.ഐ. കാസർഗോഡ് ജില്ലയും ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.സജിത്ത് കുമാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുന്നു.

ജില്ലാ വ്യവസായ കേന്ദ്രവും കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ കാസർഗോഡ് ജില്ല യൂണിറ്റും സംയുക്തമായി സംഘടിപ്പിച്ച മുഖാമുഖം പരിപാടി 2023 ജൂൺ 8 ന് വ്യാഴാഴ്ച രാവിലെ 10 മണി മുതൽ വിദ്യാനഗർ സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വ്യവസായ ഭവൻ ഹാളിൽ വെച്ച് ചേരുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച അമ്പതോളം എന്റർപ്രൈസസ് ഡവലപ്മെന്റ് എക്സിക്യൂട്ടീവുമാരും (ഇന്റേൺസ്) വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും ജില്ലയിലെ വ്യവസായ പ്രമുഖരും സംബന്ധിക്കുകയുണ്ടായി. കെ.എസ്.എസ്.ഐ.എ. ജില്ലാ സെക്രട്ടറി കെ. വി. സുഗതൻ സ്വാഗതവും, ജില്ലാ പ്രസിഡന്റ് എസ്. രാജാറാമ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.സജിത്ത് കുമാർ നിർവ്വഹിച്ചു. എന്റർപ്രൈസസ് ഡവലപ്മെന്റ് എക്സിക്യൂട്ടീവുമാർ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരുടെ പ്രവർത്തനം എങ്ങനെ സഹായകരമായി എന്നതിനെക്കുറിച്ചും സംസാരിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഓഫീസർമാരായ നിധിൻ. എൻ, വിപിൻ എന്നിവർ ബാങ്കുമായി ബന്ധപ്പെട്ട സംരംഭകർക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകി. വ്യവസായ പുരോഗതിക്കും വ്യവസായികളുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുവാനും കൂടുതൽ ആളുകളെ വ്യവസായ രംഗത്തേക്ക് വരുന്നതിന് പ്രോത്സാഹനം നൽകുന്നതിനും സഹായകരമാകുന്ന തരത്തിലുള്ള ഒരു സംവാദ പരിപാടിയായിരുന്നു ഇത്. ജില്ലാ വൈസ് പ്രസിഡന്റ് കെ.ഐ. മുജീബ്, കെ.എസ്.എസ്.ഐ. മുൻ ജില്ലാ പ്രസിഡന്റും, കെ.എസ്.എസ്.എഫ് ജോയിന്റ് കൺവീനറുമായ കെ.റ്റി. സുഭാഷ് നാരായണൻ, കമ്മിറ്റി അംഗങ്ങളായ സി. ഉദയൻ, കെ.വി.രാമചന്ദ്രൻ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ശ്രീമതി. രേഖ എന്നിവർ ആശംസാ പ്രസംഗം നടത്തി. കെ.എസ്.എസ്.ഐ.എ. ജില്ലാ ജോയിന്റ് സെക്രട്ടറി കെ. മുഹമ്മദ് അലി റെഡ് വുഡ് മുഖാമുഖം പരിപാടിയിൽ പങ്കെടുത്തവർക്കുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്തു.



ജില്ലാ പ്രസിഡന്റ് എസ്.രാജറാമ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.

**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു.
വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**

# കേരളത്തിലെ ആദ്യത്തെ പ്രൈവറ്റ് ഇൻഡസ്ട്രീയൽ പാർക്കിന്റെ കൺസ്ട്രക്ഷൻ വർക്കുകൾ പുരോഗമിക്കുന്നു

2022, 2023 കാലഘട്ടങ്ങളിലായി എട്ട് പ്രൈവറ്റ് ഇൻഡസ്ട്രീയൽ പാർക്കുകൾ തുടങ്ങാനുള്ള അനുമതിയാണ് ലഭിച്ചത്. അതിനു ശേഷം മൂന്ന് പാർക്കിന്റെ അനുമതിക്കു വേണ്ടി  അപേക്ഷച്ചിരുന്നുവെങ്കിലും ലഭിച്ചിരുന്നില്ല. 2023 മേയ് മാസം കൂടിയ പ്രൈവറ്റ് ഇൻഡസ്ട്രീയൽ  എസ്റ്റേറ്റ് കമ്മിറ്റിയിൽ സമർപ്പിച്ച 3 അപേക്ഷകളിൽ ഒന്ന് ഫെതർലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡിന്റെ ആണ്. എന്നാൽ പ്രസ്തുത പാർക്കിന് ഡെവലപ്പർ പെർമിറ്റ് നല്കിയിട്ടില്ല. കേരളത്തിലെ ആദ്യത്തെ പ്രൈവറ്റ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് പാർക്ക് പാലക്കാടിൽ 12.41 ഏക്കർ സ്ഥലത്ത് പ്രൈവറ്റ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റിനുള്ള അനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ കൺസ്ട്രക്ഷൻ വർക്കുകൾ ആരംഭിക്കുകയും അതിനുള്ള മെഷിനറികൾ ഇറക്കുകയും ചെയ്തു. പെർമിറ്റ് കിട്ടുന്നതിന് മുന്നോടിയായി തന്നെ ആദ്യത്തെ പ്രൈവറ്റ് ഇൻഡസ്ട്രീയൽ പാർക്കിന്റെ നിർമ്മാണ ഘട്ടങ്ങൾ തുടങ്ങി പുരോഗമിച്ചു വരുന്നു. കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ലയിലെ മെമ്പർമാരായ ആയ കെ.എം. ഷംസുദ്ദീൻ ചെയർമാനും, മുഹമ്മദ് ബാവ ഇതിന്റെ മാനേജിങ്ങ് ഡയറക്ടറും, കെ.എം. ഖാലീദ് എക്സിക്യൂട്ടിവ് ഡയറക്ടറുമാണ്. ഇവരുടെ മേൽനോട്ടത്തിലും  ഉടമസ്ഥതയിലുമാണ് ഇതിന്റെ നിർമ്മാണം പുരോഗമിക്കുന്നത്. കേരളത്തിലെ ആദ്യ പ്രൈവറ്റ് ഇൻഡസ്ട്രീയൽ പാർക്കിന്റെ പുരോഗമനത്തിനും അതിന്റെ വിജയത്തിനും വേണ്ടി കെ.എസ്.എസ്.ഐ.എ. കൈകോർത്ത് ഒരുമിച്ച് മുന്നോട്ട് പോകുകയാണ് സെപ്റ്റംബർ മാസം ഇതിന്റെ ഉത്ഘാടനം നിർവ്വഹിക്കാമെന്നാണ് നാം കരുതുന്നത്.



മെഷിനറികൾ



കൺസ്ട്രക്ഷൻ വർക്കുകൾ പുരോഗമിക്കുന്നു

## വാർത്തകൾ



### Sign Printing Industries Association (SPIA)

പ്രിന്റിങ്ങ് സ്ഥാപനങ്ങൾക്കെതിരെയുള്ള ഉദ്യോഗസ്ഥ ദ്രോഹ നടപടികൾക്കെതിരെ സൈൻ പ്രിന്റിങ്ങ് ഇൻഡസ്ട്രീസ് അസോസിയേഷൻ കോഴിക്കോട് കളക്ട്രേറ്റിന്റെ മുമ്പിൽ നടത്തിയ ധർണ്ണ  സംസ്ഥാന വൈസ് പ്രസിഡന്റ് (നോർത്ത് സോൺ) എ.വി. സുനിൽനാഥ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

# ജില്ലാ വാർത്തകൾ

## കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ല യൂണിറ്റ് ലോക പരിസ്ഥിതി ദിനം ആചരിച്ചു

കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലാ ഘടകത്തിന്റെ അമ്പതാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ 05.06.2023 ൽ കൊല്ലം കെ.എസ്.എസ്.ഐ.എ. ഹാളിൽ ജില്ലാ പ്രസിഡന്റ് കെ. ജി. ലിജിന്റെ അദ്ധ്യക്ഷതയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ഡി.എഫ്.ഒ.) മുഹമ്മദ് അൻവർ ഫല വൃക്ഷതൈകളുടെ വിതരണോത്ഘാടന കർമ്മം നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ലോക പരിസ്ഥിതി ദിന സന്ദേശം നൽകുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ ജില്ലാ ഭാരവാഹികളും മുൻ ജില്ലാ പ്രസിഡന്റുമാർ, താലൂക്കുകളിലെ ഭാരവാഹികൾ, മറ്റ് വ്യവസായ സുഹൃത്തുക്കൾ എന്നിവർ പങ്കെടുത്ത് ഫല വൃക്ഷതൈകൾ ഏറ്റും വാങ്ങുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും ജില്ല സെക്രട്ടറി എം. ഹുസൈൻ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.




↑സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ലോക പരിസ്ഥിതി ദിന സന്ദേശം കൈമാറുന്നു.

World Environment Day




↑ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഹമ്മദ് അൻവർ ഫലവൃക്ഷതൈകളുടെ വിതരണോത്ഘാടനം ചെയ്യുന്നു. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ, കൊല്ലം ജില്ല ഭാരവാഹികൾ എന്നിവർ സമീപം.

## മരണാനന്തര സഹായം നൽകി




↑കാഞ്ഞങ്ങാട് തരങ്ക് ലൈറ്റ് ആന്റ് സൗണ്ട് ഉടമയും കെ.എസ്.എസ്.എഫ് മെമ്പറുമായ പി.വി. കുഞ്ഞിക്കണ്ണന്റെ കെ.എസ്.എസ്.ഐ.എ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന്റെ മരണാനന്തര സഹായമായ 10 ലക്ഷം രൂപയുടെ ചെക്ക് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി നീമ പി.വിക്ക് ഉദുമ എം.എൽ.എ. സി.എച്ച്. കുഞ്ഞമ്പു കൈമാറുന്നു.




↑കെ.എസ്.എസ്.ഐ.എ. കാസർഗോഡ് ജില്ലാ ട്രഷററും, സ്റ്റാൻഡേർഡ് ഹാചറീസ് ഉടമയുമായിരുന്ന എൻ.എ. സുലൈമാന്റെ കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന്റെ മരണാനന്തര സഹായമായ 10 ലക്ഷം രൂപയുടെ ചെക്ക് അദ്ദേഹത്തിന്റെ മകൻ അബൂബക്കർ സുഫാസിന് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ കൈമാറുന്നു.


Wall Maax Paints
HIGH PERFORM
EPOXY TOPCOAT
&PRIMER
Wall Maax
Crest
EPOX
EPOXY COATING
EXCELLENT RUST PREVENTION
Available in
1K & 2K
Packing
High Perform
Excellent Rust Prevention
Easy Application
COVER
YOUR HOME
LIKE NEVER
BEFORE
PERFOMANCE
6 YEAR
WARRANTY
Wall Maax Paints
WEATHER GUARD
EXTERIOR
PREMIUM WEATHER & DUST PROOF EXTERIOR EMULSION
Corporate office :
Wallmaax Paints Pvt. Ltd
Aldrit Complex, Anglo Indian School Rd
Vaduthala, Ernakulam, Kerala 682 023
Tel : +91 0484 240 0053
Silicon Added
Advanced Water
Repellent System
For Enquiry and Customer Support
+91 99461 06914
+91 96331 11313
The most trustworthy Paint Company of Kerala

sidbi



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE
To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects
- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount
- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility
- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features
- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction

## Benefits to MSMEs
- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sidbi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)
**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in



sidbi

# EXPRESS

## Machinery Loans Made Easy For MSMEs
✓Seamless Online Loan application Journey
✓Automated Loan Processing
✓Immediate In-Principle offer

**TARGET GROUP**
- GST registered MSME units in operations for atleast 3 years

**LOAN AMOUNT**
- Upto Rs. 100 lakh
- Upto 100% financing

**FEATURES**
- Attractive rate of Interest
- Lower processing Fees
- Quick disbursement

**CONTACT US AT**
033 – 68286212
1800-22-6753
bd.dcv@sidbi.in

**VISIT US AT**
www.sidbi.in



Image: Freepik.com"



सिडबी sidbi

G20 भारत 2023 INDIA | 75 Azadi Ka Amrit Mahotsav

## EV4ECO Mission 50000
## EV SCHEME FOR DIRECT LENDING



**OBJECTIVE**
To scale-up e-2/3/4Ws adoption..

**ELIGIBLE BORROWERS**
- MSMEs willing to purchase electric vehicles for their day-to-day operations | • MSME Fleet operator, Aggregator, Leasing companies/enterprises etc. | • Other EV ecosystem strengthening enterprises (charging, battery swap etc.,)
- Udyami registration shall be mandatory, | • Loan should not be given to individual driver cum owner.

| Existing customer of SIDBI | New to SIDBI | Fleet Operators, Aggregators, Leasing Companies/enterprises etc., |
|---|---|---|
| One year of satisfactory principal repayment track record with SIDBI | 1. Existing entities having minimum two years of operation.<br>2. Cash profits in last audited financial result. | 1. Minimum one year of operation<br>2. Should have cash profits or have received at least one round of equity investment from one or more SEBI registered Alternative Investment Fund (s) (AIF)/ or Foreign VC Investors (FVCI).<br>3. Should have medium / long term business assurance contract with reputed agency or should have one year of dealing with reputed agency. |

**Upfront fee** 0.25% of the sanction amount

| Eligible Electric Vehicle Type | Loan Amount | Eligible electric vehicles/ Product/ OEMs |
|---|---|---|
| 1. Electric two-wheeler- L1 & L2 segment<br>2. E-rickshaw (Lithium-ion)- L3 segment<br>3. Electric three-wheeler, auto & cargo- L5 segment<br>4. Electric 4-wheeler Registration with RTO is mandatory | 1. 100% financing with minimum cash collateral of 25% in form of SIDBI FDR.<br>2. Minimum loan: INR 10 lakh for existing SIDBI customer & INR 20 lakhs for others<br>3. Maximum loan: INR 5 crores to existing SIDBI & New to SIDBI entities and INR 20 crores for the fleet operator, aggregator, etc. | 1. Certificate from CMVR approved testing agencies like ARAI, ICAT, GARC etc. for type of vehicle.<br>2. Batteries with AIS-156 certification<br>3. Vehicle shall be pre-fitted with telematics devices and/or tracking /IOT devices ("Telematics Device").<br>4. Service center at the point of sales in cities/ tie-ups.<br>5. The warranty of the battery should be equal to or greater than loan tenure. |

Max repayment up to 5 years. **Repayment Period**
Starting at 7% **Interest Rates***

* Based on Scoring criteria

**GREEN CLIMATE FINANCE VERTICAL, SMALL INDUSTRIES DEVELOPMENT BANK OF INDIA**
12th floor, Atama Ram House, 1, Tolstoy Marg, New Delhi-110001 | Phone: 011-23682473
Know more:- www.sidbi.in | Feedback / Contact Us :- gcfv@sidbi.in

KSSIA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajasree Industrial Printers, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.